കേരള സർക്കാർ

# കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.ksad.kerala.gov.in

# ഓമല്ലൂർ ഗ്രാമപ്പഞ്ചായത്ത്

# ഓഡിറ്റ് റിപ്പോർട്ട് - 2018-19

കേരളാ സംസ്ഥാന ഓഡിറ്റ് വകുപ്പ്, പത്തനംതിട്ട ജില്ല
e-mail:lfadpta@gmail.com

(രജിസ്റ്റർ ചെയ്ത കൈപ്പറ്റ് ചീട്ട് സഹിതം)

**ഭരണഭാഷ-മാതൃഭാഷ**

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
പത്തനംതിട്ട – 689 645
ഫോൺ: 0468 2223691
ഇ-മെയിൽ lfadpta@gmail.com

കെ.എസ്.എ.പിറ്റിഎ.പി5/103/2020

തീയതി: 25.02.2020

ഡെപ്യൂട്ടി ഡയറക്ടർ

പ്രസിഡന്റ് (സെക്രട്ടറി മുഖാന്തിരം),
ഓമല്ലൂർ ഗ്രാമപ്പഞ്ചായത്ത്.

സർ,

വിഷയം: ഓമല്ലൂർ ഗ്രാമപ്പഞ്ചായത്ത് – 2018-19 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് പുറപ്പെടുവിക്കുന്നത് സംബന്ധിച്ച്.

1994ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, 1994ലെ കേരളാ പഞ്ചായത്ത് രാജ് നിയമം 215(4) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം ഓമല്ലൂർ ഗ്രാമപ്പഞ്ചായത്തിന്റെ 2018-19 സാമ്പത്തിക വർഷത്തെ വരവ് ചെലവ് കണക്കുകളുടെ പരിശോധനാ ഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1)ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയയ്ക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 1-ലെ ഖണ്ഡികകളിലേക്ക് പ്രത്യേക ശ്രദ്ധ ക്ഷണിക്കുന്നു.

ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസക്ത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ്.

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം ഗ്രാമ പഞ്ചായത്ത് പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ പഞ്ചായത്ത് എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ് – പരിശോധനാ രീതിയും ഓഡിറ്റ് സംവിധാനവും – ചട്ടങ്ങൾ 14, 15).

ഈ റിപ്പോർട്ട് കൈപ്പറ്റി രണ്ട് മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1), ചട്ടം 20, 23, 1997ലെ കേരളാ പഞ്ചായത്ത് രാജ് പരിശോധനാ രീതിയും ഓഡിറ്റ് സംവിധാനവും – ചട്ടം 21(1),(2) എന്നിവ കാണുക)

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്,
പത്തനംതിട്ട

പകർപ്പ്:

1. കേരള സംസ്ഥാന ഓഡിറ്റ് ഡയറക്ടർ, തിരുവനന്തപുരം (ഉപരിപത്രം സഹിതം)
2. പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, പത്തനംതിട്ട
3. കാര്യാലയ പകർപ്പ്

നം.കെ.എസ്.എ.പിറ്റിഎ.പി.5/103/2020 തീയതി: 25/02/2020

**പത്തനംതിട്ട ജില്ലയിലെ ഓമല്ലൂർ ഗ്രാമപഞ്ചായത്തിന്റെ 2018-19 സാമ്പത്തിക വർഷത്തെ ധനകാര്യപത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.**

**(1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം- വകുപ്പ് 215(4), 1994 ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം - വകുപ്പ് 13, 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18 എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)**

പത്തനംതിട്ട ജില്ലയിലെ ഓമല്ലൂർ ഗ്രാമപഞ്ചായത്തിന്റെ 2018-19 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. ഗ്രാമപഞ്ചായത്ത് 17.02.2019 മുതൽ 30.12.2019 തീയതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്, അവയുടെ ഒടുക്ക്, വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ സ്ഥാപനത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. 22 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 11 എണ്ണത്തിന് മറുപടി ലഭിച്ചിട്ടുണ്ട്. ഓഡിറ്റ് പരാമർശങ്ങൾ ഓഡിറ്റ് സമാപനയോഗത്തിൽ അവതരിപ്പിക്കുകയും മറുപടി പരിഗണിക്കുകയും ചെയ്ത ശേഷം പ്രധാനപ്പെട്ട നിരീക്ഷണങ്ങൾ മാത്രമാണ് ഓഡിറ്റ് റിപ്പോർട്ടിൽ ചേർത്തിരിക്കുന്നത്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിന്മേലുള്ള തുടർ നടപടികൾ സ്ഥാപനം സ്വീകരിക്കേണ്ടതാണ്.

സ്ഥാപനം നൽകിയ തെറ്റായ വിവരങ്ങളുടെയോ വിശദാംശങ്ങളുടെയോ അടിസ്ഥാനത്തിൽ തയ്യാറാക്കി ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ള വിശകലനങ്ങളുടെയും നിരീക്ഷണങ്ങളുടെയും കാര്യത്തിലും, സ്ഥാപനം ഓഡിറ്റിന് ലഭ്യമാക്കാത്ത രേഖകളുടെ അടിസ്ഥാനത്തിൽ മറ്റൊരു ഓഡിറ്റ് ഏജൻസി/പരിശോധനാ വിഭാഗം പിന്നീട് കണ്ടെത്തുന്ന അപാകതകളിലും കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവും ഉണ്ടായിരിക്കുന്നതല്ല.

**(എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം**

| | | |
|---|---|---|
| ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ | : | വിജയലക്ഷ്മി പി.കെ.<br>ഡെപ്യൂട്ടി ഡയറക്ടർ |
| ഓഡിറ്റിന് വിനിയോഗിച്ച സമയം | : | 18.01.2020 മുതൽ 31.01.2020 വരെ |
| ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ | : | ശ്രീ. സി. അനിൽ കുമാർ, ഓഡിറ്റ് ഓഫീസർ (ഹ.ഗ്രേ.) |
| | | ശ്രീ.സുനിൽ കുമാർ യു.എസ്. ഓഡിറ്റർ |
| | | ശ്രീമതി രാജശ്രീ സി.ആർ., ഓഡിറ്റർ |

**(ബി)നിർവ്വഹണാധികാരികൾ**

| | | | |
|---|---|---|---|
| പ്രസിഡന്റ് | | ശ്രീമതി ഗീത വിജയൻ | 01.04.2018 മുതൽ 31.03.2019 വരെ |
| സെക്രട്ടറി | : | ശ്രീ.സന്ദീപ് ജേക്കബ് | 01.04.2018മുതൽ 31.03.2019 വരെ |

| നിർവ്വഹണ ഉദ്യോഗസ്ഥൻ ഉദ്യോഗപ്പേര് | : | പേര് | കാലയളവ് |
|---|---|---|---|
| കൃഷി ഓഫീസർ | : | ശ്രീമതി. ജാനറ്റ് ഡാനിയേൽ | 01.04.2018 മുതൽ 31.03.2019 വരെ |
| ഹെഡ്മാസ്റ്റർ | : | ശ്രീ. സുരേന്ദ്രൻ നായർ | 01.04.2018 മുതൽ 31.03.2019 വരെ |
| മെഡിക്കൽ ഓഫീസർ | : | ഡോ.അഞ്ജു മേരി | 01.04.2018 മുതൽ 07.01.2019 |

| | | | |
|---|---|---|---|
| (പി.എച്ച്.സി.) | | വർഗ്ഗീസ്.<br>ഡോ. പാർവതി ജി. നായർ<br>ഡോ. ദിവ്യ ആർ. ജയൻ | FN വരെ<br>07.01.2019 AN മുതൽ 19.03.2019 FN വരെ<br>19.03.2019 AN മുതൽ 31.03.2019 വരെ |
| വെറ്ററിനറി സർജൻ | : | ഡോ. പി.പി. ആഷിഖ്<br>ഡോ.ജോർജ് വർഗ്ഗീസ് | 01.04.2018 മുതൽ 13.04.2018 FN വരെ<br>13.04.18 AN മുതൽ 31.03.2019 വരെ |
| ഐ.സി.ഡി.എസ്. സൂപ്പർ വൈസർ | : | ശ്രീമതി. രാജി ഭായി | 01.04.2018 മുതൽ 31.03.2019 വരെ |
| മെഡിക്കൽ ഓഫീസർ (ആയുർവേദം) | : | ഡോ. ആനന്ദ് വി. | 01.04.18 മുതൽ 31.03.2019 വരെ |
| അസി.എഞ്ചിനീയർ | : | ശ്രീമതി.സംഗീത പത്മരാജൻ<br>ശ്രീമതി. ദീപ കൃഷ്ണൻ | 01.04.2018 മുതൽ 06.03.2019<br>07.03.2019 മുതൽ 31.03.2019 വരെ |
| വി.ഇ.ഒ. | : | ശ്രീമതി. ആതിര അർജ്ജുൻ<br>ശ്രീ.അനീഷ് ആർ. | 01.04.2018 മുതൽ 31.03.2019 വരെ<br>01.04.2018 മുതൽ 31.03.2019 വരെ |
| ഡയറി എക്സ്റ്റൻഷൻ ഓഫീസർ | : | ശ്രീമതി. സുനിത ബീഗം | 01.04.2018 മുതൽ 31.03.2019 വരെ |

**<u>ഉള്ളടക്കം</u>**


| ക്രമ നം. | ഭാഗം 1 | ഖണ്ഡിക നമ്പർ |
|---|---|---|
| | **ഓഡിറ്റ് റിപ്പോർട്ട്** | |
| 1 | ബജറ്റ് | 1-1 |
| 2 | വാർഷികധനകാര്യ പത്രിക | 1-2 |
| 3 | സാമ്പത്തിക വിശകലനം (റസീപ്റ്റ് & പേയ്മെന്റ് പ്രകാരം) | 1-3 |
| 4 | ഫണ്ട് വിനിയോഗം | 1-4 |
| 5 | പദ്ധതി അവലോകനം | 1-5 |
| 6 | തൊഴിലുറപ്പ് പദ്ധതി | 1-6 |
| 7 | ക്ഷേമ പദ്ധതികൾ | 1-7 |
| 8 | ക്യാഷ് പരിശോധന | 1-8 |
| 9 | ആഭ്യന്തര നിയന്ത്രണം | 1-9 |
| 10 | മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം | 1-10 |
| 11 | വാർഷിക കണക്കുകളിലെ അപാകതകൾ | 1-11 |
| 12 | വസ്തുനികുതി ഇനത്തിൽ ഈടാക്കാൻ അവശേഷിക്കുന്നത് 12.08 ലക്ഷം | 1-12 |

| | | |
|---|---|---|
| | രൂപ | |
| 13 | സേവനഉപനികുതി ഈടാക്കുന്നില്ല | 1-13 |
| 14 | ഓൺ ലൈൻ വസ്തു നികുതി – തുക ലഭ്യമാക്കുന്നതിന് കാലതാമസം ഉണ്ടാകുന്നു | 1-14 |
| 15 | തനത് വരുമാനം സൂക്ഷിക്കുന്നതിന് ഒന്നിലേറെ അക്കൗണ്ടുകൾ | 1-15 |
| 16 | ഇ-ടെണ്ടർ മുഖേന നടപ്പിലാക്കുന്ന മരാമത്ത് പ്രവൃത്തികളുടെ ടെണ്ടർ ഫീസ് തിരികെ ലഭിക്കുന്നതിന് കാലതാമസം -ടെണ്ടർ ഫീ ക്രഡിറ്റ് ചെയ്യുന്നതിന് അക്കൗണ്ട് തുടങ്ങിയില്ല. | 1-16 |
| 17 | പുതുക്കിയ ചട്ടങ്ങൾക്കനുസൃതമായി ലൈസൻസ് ഫീസ് ഈടാക്കിയിട്ടില്ല | 1-17 |
| 18 | വാടക – കരാർ ചെയ്യുന്നില്ല | 1-18 |
| 19 | തൊഴിൽ നികുതി പിരിവിലെ അപാകതകൾ | 1-19 |
| 20 | റേഷൻ കടകൾ ലൈസൻസ് ഫീസ്, തൊഴിൽ നികുതി എന്നിവ അടവാക്കുന്നില്ല | 1-20 |
| 21 | കൃഷിഭവന്റെ അനുബന്ധ സൗകര്യം ഒരുക്കൽ - നിർവഹണത്തിലെ അപാകതകൾ | 1-21 |
| 22 | കൃഷി ഓഫീസർ നിർവ്വഹണം നടത്തിയ പദ്ധതികളിലെ അപാകതകൾ | 1-22 |
| 23 | പൊതുമരാമത്ത് പ്രവൃത്തികൾക്ക് വകയിരുത്തിയ 1.09 കോടി രൂപ ലാപ്സായി | 1-23 |
| 24 | ഗുണഭോക്തൃ പട്ടികയിൽ ഉൾപ്പെട്ട എല്ലാവർക്കും ആനുകൂല്യം നൽകാതെ പുതിയ പട്ടികയിൽ നിന്നും ആനുകൂല്യം നൽകി | 1-24 |
| 25 | തെരുവുവിളക്ക് പരിപാലനം -നിർവ്വഹണത്തിലെ അപാകതകൾ | 1-25 |
| 26 | മരാമത്ത് പ്രവൃത്തിയുടെ ബില്ലിൽ നിന്നും ഈടാക്കിയ തുകകൾ ഒടുക്ക് വരുത്തിയില്ല | 1-26 |
| 27 | ഓടയ്ക്ക് സ്ലാബ് സ്ഥാപിക്കൽ -ഒബ്സെർവ്ഡ് ഡാറ്റാ തയ്യാറാക്കി നിരക്ക് നിശ്ചയിച്ചതിൽ അപാകത | 1-27 |
| 28 | ഗുണഭോക്തൃ സമിതി മുഖേന നടപ്പാക്കിയ മരാമത്ത് പ്രവൃത്തി -ചെലവിന് ആധാരമായ രേഖകളില്ല | 1-28 |
| 29 | റീടാറിംഗ് പ്രവൃത്തിയുടെ ബില്ലിൽ നിന്നും കാലി ബാരൽ വില, ജി.എസ്.ടി. എന്നിവ കുറവ് ചെയ്തില്ല- വകയിരുത്തിയ ഫണ്ടിനും സർക്കാർ ഫണ്ടിനും നഷ്ടം | 1-29 |
| 30 | സർക്കാർ മാർഗ്ഗ നിർദ്ദേശങ്ങൾക്ക് വിരുദ്ധമായി ധനകാര്യ കമ്മീഷൻ ഗ്രാന്റ് ചെലവഴിച്ചു | 1-30 |
| 31 | പ്രവൃത്തികൾ ഗുണമേന്മ പരിശോധനയ്ക്ക് വിധേയമാക്കുന്നില്ല | 1-31 |
| 32 | നിർമ്മാണ തൊഴിലാളി ക്ഷേമനിധി വിഹിതം -കളക്ഷൻ ചാർജ് ഈടാക്കിയില്ല | 1-32 |
| 33 | കരാർ കാലാവധി ദീർഘിപ്പിച്ച് നൽകിയിട്ടില്ലാത്ത പ്രവൃത്തികൾക്ക് ലിക്വിഡേറ്റഡ് ഡാമേജ് ഈടാക്കിയില്ല | 1-33 |
| 34 | ഗുണഭോക്തൃസമിതി മുഖേനയുള്ള നടപ്പാക്കിയ മരാമത്ത് പ്രവൃത്തി – | 1-34 |

| | | |
|---|---|---|
| | ചെലവ് തുക കോൺട്രാക്ടർക്ക് അനുവദിച്ചു - 343039 രൂപ തടസ്സപ്പെടുത്തുന്നു. | |
| 35 | വി.ഇ.ഒ നിർവ്വഹണം നടത്തിയ പദ്ധതികളുടെ മോണിട്ടറിംഗ് നടത്തുന്നില്ല | 1-35 |
| 36 | മരുന്ന് പൂർണ്ണമായും ലഭിച്ചില്ല | 1-36 |
| 37 | അഗതിരഹിത കേരളം പദ്ധതിക്ക് തുക വകയിരുത്തിയില്ല | 1-37 |
| 38 | സംയുക്ത പദ്ധതികൾക്ക് ലഭിച്ച തുകയിൽ ചെലവഴിക്കാൻ അവശേഷിക്കുന്ന തുക തനത് ഫണ്ടിൽ നിക്ഷേപിച്ചിരിക്കുന്നു | 1-38 |
| | ഭാഗം 2 | |
| 39 | **വരവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ** | |
| | ഇല്ല | |
| | ഭാഗം 3 | |
| 40 | **ചെലവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ** | |
| | ഇല്ല | |
| | **ഭാഗം 4 – പൊതുവിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും** | |
| 41 | വാർഷികധനകാര്യപത്രിക പരിശോധിച്ച് സാക്ഷ്യപത്രം നൽകിയതിന്റെ വിവരം | 4-1 |
| 42 | സംയുക്തപ്രോജക്ടുകൾക്കു ലഭിച്ച ഫണ്ട് വിനിയോഗം | 4-2 |
| 43 | നിക്ഷേപപ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ | 4-3 |
| 44 | മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ | 4-4 |
| 45 | വായ്പ / വായ്പാതിരിച്ചടവ് | 4-5 |
| 46 | സ്ഥിര നിക്ഷേപം | 4-6 |
| 47 | ഓഡിറ്റ് റിക്കവറി | 4-7 |
| 48 | സമാഹൃത ഓഡിറ്റ് റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകൾ | 4-8 |
| 49 | ചാർജ് /സർചാർജ് നടപടികളുടെ ഈടാക്കിയ തുകയുടെ വിവരം | 4-9 |
| 50 | ഓഡിറ്റ് പ്രത്യവലോകനം | 4-10 |
| 51 | തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ | 4-11 |

# ഭാഗം -1
# ഓഡിറ്റ് റിപ്പോർട്ട്.

## 1-1 ബജറ്റ്

ഗ്രാമപ്പഞ്ചായത്തിന്റെ 2018-19-ലെ ബജറ്റ് 26.03.2018 -ാം തീയതിയിലെ 1-ാം നമ്പർ തീരുമാനപ്രകാരം അംഗീകരിച്ചു. പുതുക്കിയ ബജറ്റ് 29.01.2019 -ാം തീയതിയിൽ അംഗീകരിച്ചിട്ടുണ്ട്.

## 1-2 വാർഷികധനകാര്യപത്രിക

| ലഭിക്കേണ്ട തീയതി | ലഭിച്ച തീയതി |
|---|---|
| 31.07.2019 | 05.04.2019 |

## 1-3 സാമ്പത്തിക വിശകലനം (റസീപ്റ്റ് & പേയ്മെന്റ് പ്രകാരം)

| | |
|---|---|
| മുന്നിരിപ്പ് | 1396740.54 |
| വരവ് | 58254898 |
| ആകെ | 59651638.54 |
| ചെലവ് | 51056442 |
| നീക്കിയിരിപ്പ് | 8595196.54 |

## 1-4 ഫണ്ട് വിനിയോഗം

| ഫണ്ടിനം | | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | ലാപ്സായ തുക/നീക്കി ബാക്കി |
|---|---|---|---|---|---|---|
| വികസന ഫണ്ട്-ജനറൽ (ACR പ്രകാരം) | | 0 | 10521000 | 10521000 | 9656405 | 864595 |
| വികസന ഫണ്ട്-എസ്.സി.പി (ACR പ്രകാരം) | | 0 | 6136000 | 6136000 | 5245940 | 890060 |
| വികസന ഫണ്ട്-ടി.എസ്.പി (ACR പ്രകാരം) | | 0 | 100000 | 100000 | 81000 | 19000 |
| മെയിന്റനൻസ്, റോഡ് (ACR പ്രകാരം) | | 0 | 6860000 | 6860000 | 6513832 | 346168 |
| മെയിന്റനൻസ്, നോൺ-റോഡ് (ACR പ്രകാരം) | | 0 | 2780000 | 2780000 | 2780000 | 0 |
| സെൻട്രൽ ഫിനാൻസ് കമ്മീഷൻ ഗ്രാന്റ് (ACR പ്രകാരം) | | 0 | 4884000 | 4884000 | 4803595 | 80405 |
| സാക്ഷരത | | 5456 | 193 | 5649 | 0 | 5649 |
| എം.ജി.എൻ.ആർ.ഇ.ജി.എസ് | തൊഴിലാളികളുടെ കൂലി | 0 | 14641357 | 14641357 | 14641357 | 0 |
| | അഡ്മിനിസ്ട്രേറ്റീവ് ചെലവ് | 9395 | 448384 | 457779 | 454750 | 3029 |
| കേന്ദ്രാവിഷ്കൃത ഫണ്ടുകൾ) | ഐ.സി.ഡി.എസ്. | 400234 | 254475 | 654709 | 148595 | 506114 |
| | സ്വച്ഛ ഭാരത് | 0 | 660688 | 660688 | 0 | 660688 |
| സംസ്ഥാനാവിഷ്കൃത ഫണ്ടുകൾ (ഇനം തിരിച്ച് ചേർക്കുക) | ശുചിത്വ മിഷൻ | 1207352 | 280000 | 1487352 | 140000 | 1347352 |
| | വിമുക്തി | 36665 | 25000 | 61665 | 19170 | 42495 |
| | പ്രളയ | 0 | 275000 | 275000 | 275000 | 0 |

| | | | | | | |
|---|---|---|---|---|---|---|
| | ദുരിതാശ്വാസം | | | | | |
| ജോയിന്റ് വെഞ്ചർ അക്കൗണ്ട് | ബ്ലോക്ക് പഞ്ചായത്ത് | -52384 | 3793660 | 3741276 | 3236824 | 504452 |
| | ജില്ലാ പഞ്ചായത്ത് | 0 | 1502222 | 1502222 | 958105 | 544117 |
| ബി ഫണ്ട് | | 0 | 131160 | 131160 | 131160 | 0 |
| ജനറൽ പർപ്പസ് ഗ്രാന്റ് | | -2590354 | 11511881 | 8921527 | 7743876 | 1177651 |
| തനത് ഫണ്ട് | ബാങ്ക് അക്കൗണ്ട് | 3890075.54 | 7767768 | 11657843.54 | 5436868 | 6220975.54 |

# 1-5 പദ്ധതി അവലോകനം

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

| അംഗീകാരം ലഭിച്ചത് (എണ്ണം) | പദ്ധതി അടങ്കൽ | നടപ്പാക്കിയത് (എണ്ണം) | പദ്ധതി ചെലവ് | ഭാഗികമായി നടപ്പാക്കിയത് (എണ്ണം) | നടപ്പാക്കാത്തവ (എണ്ണം) | പൂർത്തീകരിച്ച പ്രോജക്ടുകളുടെ ശതമാനം |
|---|---|---|---|---|---|---|
| 182 | 55788415 | 122 | 36875530 | 49 | 11 | 66.1 |

പൊതുമരാമത്ത് പൊതു അവലോകനം

(1) സർക്കാർ നിർദ്ദേശം അനുസരിച്ച് നാളിതുവരെ ഗ്രാമ പഞ്ചായത്തിൽ റോഡ് കണക്ടിവിറ്റി മാപ്പ് തയ്യാറാക്കിയിട്ടില്ല. ജി.പി.എസ് സാങ്കേതിക വിദ്യ ഉപയോഗിച്ച് വ്യക്തമായ റോഡ് കണക്ടിവിറ്റി മാപ്പ് തയ്യാറാക്കി റോഡുകളുടെ അളവുകളും കണക്ടിവിറ്റിയും പുനർ നിർണ്ണയം ചെയ്യുന്നതിനുള്ള പദ്ധതി വർക്കിംഗ് ഗ്രൂപ്പ് തൻവർഷവും തയ്യാറാക്കിയിട്ടില്ല.

(2) സ്ട്രീറ്റ് ലൈനില്ലാത്ത പ്രധാനപ്പെട്ട റോഡുകളിൽ സ്ട്രീറ്റ് ലൈൻ സ്ഥാപിക്കുന്നതിനും വൈദ്യുതിവിളക്കുകളുടെ അറ്റകുറ്റപ്പണികൾക്കും പദ്ധതികൾ ആവിഷ്ക്കരിച്ചത് ഒഴിച്ചാൽ പാരമ്പര്യേതര ഊർജ്ജ സ്രോതസ്സുകളുടെ പ്രോത്സാഹനത്തിന് ഊന്നൽ നൽകുന്ന പദ്ധതികൾ ഒന്നും തന്നെ പതിമൂന്നാം പദ്ധതി കാലയളവിൽ ഏറ്റെടുത്തിട്ടില്ല.

(3) ഏറ്റെടുത്തു നടപ്പാക്കിയ റോഡ് പ്രവൃത്തികൾ എല്ലാം തന്നെ വാർഡ് അടിസ്ഥാനത്തിലുള്ളതാണ്. വാർഡ് അടിസ്ഥാനത്തിൽ ഫണ്ട് വീതം വയ്ക്കുന്നതിനെ പ്രോത്സാഹിപ്പിക്കുന്ന തരത്തിലാണ് പൊതുമരാമത്ത് വർക്കിംഗ് ഗ്രൂപ്പ് പ്രോജക്ട് തയായറാക്കുന്നത്. വാർഡ് അടിസ്ഥാനത്തിലുള്ള വികസനം എന്ന സങ്കുചിത കാഴ്ച്ചപ്പാടിൽ നിന്നും മാറി ഗ്രാമ പഞ്ചായത്തിന്റെ സമഗ്ര വികസനത്തിന് ഉതകുന്ന തരത്തിൽ രണ്ടോ മൂന്നോ വാർഡുകളിൽ ഉൾപ്പടുന്ന റോഡുകളുടെ അറ്റകുറ്റപ്പണികൾക്കായി പദ്ധതികൾ തയ്യാറാക്കുന്നതിന് അസി.എഞ്ചിനിയർ കൺവീനറായുള്ള പൊതുമരാമത്ത് (ഊർജ്ജം ഉൾപ്പെടെ) വർക്കിംഗ് ഗ്രൂപ്പ് ഭാവിയിൽ ശ്രദ്ധിക്കേണ്ടതാണ്.

(4) റോഡ് പ്രവൃത്തികൾക്ക് തൻ വർഷം എം.പി/എം.എൽ.എ ഫണ്ട് ഉൾപ്പെടുത്തിക്കൊണ്ട് പ്രോജക്ട് ആവിഷ്ക്കരിച്ചിട്ടില്ല. ഗ്രാമ പഞ്ചായത്തിന്റെ സമഗ്ര വികസനം ലക്ഷ്യമാക്കി, നിലവാരവും ഗുണമേന്മയും ഉറപ്പ് വരുത്തിക്കൊണ്ടുള്ള റോഡ് വികസനം സാധ്യമാകത്തക്ക തരത്തിൽ എം.പി/എം.എൽ.എ ഫണ്ട് ഉൾപ്പെടുത്തിയുള്ള സംയുക്ത പ്രോജക്ടുകൾ ഏറ്റെടുക്കുന്നതിന് വേണ്ട നിർദ്ദേശങ്ങൾ വികസന സ്റ്റാന്റിംഗ് കമ്മറ്റിയുടെ ഭാഗത്ത് നിന്നും ഉണ്ടാകേണ്ടതാണ്.

(5) പശ്ചാത്തല മേഖലയിൽ നടപ്പാക്കിയ പദ്ധതികളുടെ ഫയലിൽ ഒന്നിലും തന്നെ മോണിട്ടറിംഗ് റിപ്പോർട്ട് ഉൾപ്പെടുത്തിയിട്ടില്ല. നിർമ്മാണ പ്രവൃത്തികളുടെ ഓരോ ഘട്ടത്തിലും ആവശ്യമായ മോണിട്ടറിംഗ് നടത്തി റിപ്പോർട്ട് ചെയ്യുതിരുന്നത് പൊതുമരാമത്ത് പ്രവൃത്തികളുടെ നടത്തിപ്പുമായി ബന്ധപ്പെട്ട വർക്കിംഗ് ഗ്രൂപ്പിന്റെ ഭാഗത്ത് നിന്നുള്ള വീഴ്ച്ചയാണ്. മോണിട്ടറിംഗ് കർശനവും കാര്യക്ഷമവുമാക്കുന്നതിന് പൊതുമരാമത്ത് സ്റ്റാന്റിംഗ് കമ്മിറ്റിയും ഭരണസമിതിയും വേണ്ടത്ര ശ്രദ്ധ ചെലുത്തേണ്ടതാണ്.

(6) പൊതുമരാമത്ത് പ്രവൃത്തികൾ നടപ്പാക്കുന്ന അസി.എഞ്ചിനിയർ ഫോറം 7A യിലുള്ള കാഷ് ബുക്ക് സൂക്ഷിക്കുന്നില്ല. ഭൂരിപക്ഷം പ്രവൃത്തികളുടെയും കരാർ ചമയ്ക്കുന്നതിനായുള്ള മുദ്രപ്പത്രത്തിൽ ആവശ്യമായ വിവരങ്ങൾ രേഖപ്പെടുത്തി അസി.എഞ്ചിനിയറും കരാറുകാരനും ഒപ്പ് വയ്ക്കുന്നില്ല. കരാറിൽ സാക്ഷികൾ ഒപ്പ് വയ്ക്കുന്നില്ല. വർക്ക്

ബിൽ കോപ്പിയുടെ പകർപ്പിൽ IIIാം ഭാഗമായ പേയ്മന്റ് നല്കുന്ന പേജിൽ ഫൈനൽ ബിൽ തുകയുടെ വിവരം എഴുതി അസി.എഞ്ചിനിയർ ഒപ്പ് വയ്ക്കുന്നില്ല. എഗ്രിമെന്റിൽ കരാർ കാലാവധി രേഖപ്പെടുത്തുന്നില്ല. കരാർ കാലാവധിക്കുള്ളിൽ പ്രവൃത്തി പൂർത്തീകരിക്കാത്തവർക്ക് പിഴ ചുമത്തിക്കൊണ്ട് കാലാവധി ദീർഘിപ്പിച്ച് നൽകി സപ്ലിമെന്ററി എഗ്രിമെന്റ് വയ്പ്പിക്കുന്നില്ല. ടി അപാകതകൾ ആവർത്തിക്കാതിരിക്കുവാൻ നിർവ്വഹണ ഉദ്യോഗസ്ഥൻ ശ്രദ്ധിക്കേണ്ടതാണ്.

# 1-6 തൊഴിലുറപ്പ് പദ്ധതി

| ഇനം | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരുപ്പ് |
|---|---|---|---|---|---|
| ഭരണചെലവുകൾ | 9395 | 448384 | 457779.25 | 454750 | 3029 |
| ഗുണഭോക്താകൾക്ക് നേരിട്ട് നൽകുന്നത് | 0 | 14641357 | 14641357 | 14641357 | 0 |

# 1-7 ക്ഷേമ പദ്ധതികൾ

തൻവർഷം ഗ്രാമപഞ്ചായത്ത് നടപ്പാക്കിയ വിവിധ ക്ഷേമ പദ്ധതികളുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ക്ഷേമപദ്ധതിയുടെ പേര് | ചെലവഴിച്ച തുക | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|
| തൊഴിൽരഹിത വേതനം | 41160 | 23 |
| കർഷകതൊഴിലാളി പെൻഷൻ | 2133100 | 168 |
| വിധവാപെൻഷൻ | 6435900 | 527 |
| വാർദ്ധക്യകാലപെൻഷൻ | 16781500 | 1389 |
| വികലാംഗപെൻഷൻ | 2454300 | 189 |
| അവിവാഹിതരായ 50വയസ്സിനു മുകളിൽ പ്രായമായ സ്ത്രീകൾക്കുള്ള പെൻഷൻ | 252000 | 20 |
| സാധുക്കളായ വിധവകളുടെ പെൺമക്കൾക്കുള്ള വിവാഹ ധനസഹായം | 90000 | 3 |

# 1-8 ക്യാഷ് പരിശോധന

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 30.01.2020 തീയതിയിൽ 3.30 PM ന് സ്ഥാപന തലവന്റെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. പരിശോധനയിൽ 12482/-(പന്തീരായിരത്തി നാനൂറ്റി എൺപത്തി രണ്ട്) രൂപ നീക്കിയിരിപ്പിന്റെ കൃത്യത ബോധ്യപ്പെട്ടു.

# 1-9 ആഭ്യന്തരനിയന്ത്രണം

1. നിർവ്വഹണ ഉദ്യോഗസ്ഥരുടെ ക്യാഷ് ബുക്ക്- നിർവ്വഹണ ഉദ്യോഗസ്ഥയായ അസിസ്റ്റന്റ് എഞ്ചിനീയർ ഫോം 7Aയിലുള്ള ക്യാഷ് ബുക്ക് സൂക്ഷിക്കുന്നില്ല.
2. ചെക്ക് മുഖേന അസി.എഞ്ചിനീയർക്ക് നൽകുന്ന അലോട്ട്മെന്റ് തുകയിൽ നിന്നും മരാമത്ത് പ്രവൃത്തികളുടെ ബിൽ പ്രകാരമുള്ള നികുതികൾ ഒടുക്കു വരുത്തുന്നുണ്ടോയെന്ന് ഉറപ്പു വരുത്തുന്നില്ല.
3. മരാമത്ത് പ്രവൃത്തികൾ ഇ-ടെണ്ടറിന്റെ പരിധിയിൽ കൊണ്ടുവരുന്നതിന് ശ്രദ്ധിച്ചിട്ടില്ല.

# 1-10 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

| ഓഡിറ്റ് | അവസാനം ഓഡിറ്റ് നടത്തിയ തീയതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് ലഭിച്ച തീയതി |
|---|---|---|---|

| | | | |
|---|---|---|---|
| പെർഫോമൻസ് ഓഡിറ്റ് | 26.12.2019 മുതൽ 28.12.2019 വരെ | 2019 സെപ്റ്റംബർ മുതൽ നവംബർ വരെ | റിപ്പോർട്ട് ലഭിച്ചില്ല |
| അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റ് | 21.08.2013 മുതൽ 05.09.2013 വരെ | 2008-09 മുതൽ 2012-13 വരെ | 27.04.2014 |

# 1-11 വാർഷികകണക്കുകളിലെ അപാകതകൾ

ഓമല്ലൂർ ഗ്രാമപഞ്ചായത്തിന്റെ വാർഷിക കണക്കുകൾ പരിശോധിച്ചതിൽ കണ്ടെത്തിയ അപാകതകൾ ചുവടെ ചേർക്കുന്നു.

1. കേരള പഞ്ചായത്ത് രാജ് അക്കൗണ്ടിംഗ് ചട്ടങ്ങൾ 2011, ചട്ടം 62 പ്രകാരം വാർഷിക കണക്കിനോടൊപ്പം അടിസ്ഥാന അനുപാതങ്ങൾ (റേഷ്യോസ്) സംബന്ധിച്ചുള്ള പത്രിക അനുബന്ധമായി ചേർത്തിട്ടില്ല.
2. B15 – ഷെഡ്യൂൾ - വസ്തു നികുതി (റസിഡൻഷ്യൽ ബിൽഡിംഗ് & നോൺ റസിഡൻഷ്യൽ ബിൽഡിംഗ്) പിരിഞ്ഞു കിട്ടാനുള്ള തൻ വർഷത്തെ തുകയും പിരിഞ്ഞു കിട്ടാനുള്ള കുടിശ്ശിക തുകയും സഞ്ചയ സോഫ്റ്റ് വെയർ മുഖേന 31-03-2019-ൽ തയ്യാറാക്കിയിട്ടുള്ള സ്റ്റേറ്റ്മെന്റിലെ വസ്തുനികുതി ബാലൻസ് തുകകളുമായി പൊരുത്തപ്പെടുന്നില്ല.
3. RP – 43 ഷെഡ്യൂൾ - വസ്തു നികുതി (റസിഡൻഷ്യൽ ബിൽഡിംഗ് & നോൺ റസിഡൻഷ്യൽ ബിൽഡിംഗ്) തൻ വർഷത്തെ കളക്ഷൻ തുകയും കുടിശ്ശിക ഇനത്തിലുള്ള കളക്ഷൻ തുകയും സഞ്ചയ സോഫ്റ്റ് വെയർ മുഖേന 31-03-2019 ൽ തയ്യാറാക്കിയിട്ടുള്ള സ്റ്റേറ്റ്മെന്റിലെ വസ്തുനികുതി കളക്ഷൻ തുകകളുമായി പൊരുത്തപ്പെടുന്നില്ല.
4. ഇ-ടെണ്ടർ പ്രകാരമുള്ള ടെണ്ടർ ഫീ, ജി.എസ്.റ്റി എന്നിവ ജില്ലാ പഞ്ചായത്ത് എക്സി. എഞ്ചിനീയറുടെ അക്കൗണ്ടിലേക്ക് ക്രഡിറ്റ് ചെയ്തിട്ടുള്ളത് ബാലൻസ് ഷീറ്റിലെ B 15 ഷെഡ്യൂളിൽ ഗ്രാമ പഞ്ചായത്തിന് കിട്ടാനുള്ള തുകയായി ഉൾപ്പെടുത്തിയിട്ടില്ല.

# 1-12 വസ്തുനികുതി ഇനത്തിൽ ഈടാക്കാൻ അവശേഷിക്കുന്നത് 12.08 ലക്ഷം രൂപ

ഗ്രാമപഞ്ചായത്തിന്റെ പ്രധാന തനത് വരുമാനമായ വസ്തുനികുതി ഇനത്തിൽ 2018-19 വർഷം **12,08,512**രൂപ പിരിച്ചെടുക്കാൻ അവശേഷിക്കുന്നു. വാർഷിക ധനകാര്യപത്രിക പ്രകാരമുള്ള തുകയുടെ വിശദാംശം ചുവടെ ചേർക്കുന്നു.

| ക്രമ നം | ഇനം | 31.03.2019-ൽ ഈടാക്കാൻ അവശേഷിക്കുന്ന തുക |
|---|---|---|
| 1 | Receivables for Property Tax on residential, non residential Building (current) | 438595 |
| 2 | Receivables for Property Tax on residential,non residential Building (arrear) | 769917 |
| | Total | **1208512** |

ഈ ഇനത്തിൽ പിരിച്ചെടുക്കാൻ അവശേഷിക്കുന്ന തുക മുഴുവനായും ഈടാക്കുന്നതിന് നടപടി സ്വീകരിക്കേണ്ടതാണ്.

# 1-13 സേവനഉപനികുതി ഈടാക്കുന്നില്ല

2011ലെ കേരളപഞ്ചായത്ത് രാജ് (വസ്തുനികുതിയും സേവന ഉപനികുതിയും സർചാർജ്ജും) ചട്ടങ്ങൾ പ്രകാരം

പഞ്ചായത്ത് പ്രദേശത്ത് സ്ഥിതിചെയ്യുന്നതും നിയമത്തിലെ 207(1)-ാം ഉപവകുപ്പ് പ്രകാരം സേവനഉപനികുതിയിൽ നിന്നും ഒഴിവാക്കിയിട്ടില്ലാത്തതുമായ കെട്ടിടങ്ങളിൽ നിന്നും പഞ്ചായത്ത് നിശ്ചയിക്കുന്ന നിരക്കിൽ ഉപനികുതി ചുമത്താവുന്നതാണ്. ശുചിത്വ പരിപാലനം, ജലവിതരണം, തെരുവുവിളക്ക്പരിപാലനം, ഡ്രയിനേജ് എന്നിവ

ഏർപ്പെടുത്തുന്നതിലേക്ക് വസ്തുനികുതിയുടെ 10%കുറയാതെ സേവന ഉപനികുതി ചുമത്താവുന്നതാണെന്ന് പ്രസ്തുത ചട്ടത്തിലെ 27-ാം ഉപവകുപ്പിൽ വ്യക്തമാക്കിയിട്ടുണ്ട്. 2018-19 സാമ്പത്തിക വർഷം 40,53,881രൂപ വസ്തുനികുതിയായി ഗ്രാമപ്പഞ്ചായത്തിന് ലഭിച്ചിട്ടുണ്ട്. ഏറ്റവും കുറഞ്ഞ നിരക്കിൽ സേവനനികുതി ഈടാക്കിയാൽപ്പോലും ഈ ഇനത്തിൽ 4.53ലക്ഷം രൂപ വരുമാനം ലഭിക്കുമായിരുന്നു. വികേന്ദ്രീകൃത ആസൂത്രണത്തിന്റെ ഫലമായി ഗ്രാമപഞ്ചായത്തുകളുടെ ചുമതലകളും കർത്തവ്യങ്ങളും വർദ്ധിച്ച് വരുന്ന സാഹചര്യത്തിലും, ഭരണഘടനാ പരമായ ചുമതലകൾ നിർവ്വഹിക്കുന്നതിനും പഞ്ചായത്തുകൾ സ്വയം പര്യാപ്തമാകേണ്ടത് അനിവാര്യമാണ്. സർക്കാർ നിർദ്ദേശങ്ങളും ചട്ടങ്ങളും അനുസരിച്ച് ഈടാക്കാമായിരുന്ന സേവന ഉപനികുതി ഈടാക്കാത്തതുമൂലം ഈ ഇനത്തിൽ പഞ്ചായത്തിന് വരുമാന നഷ്ടം ഉണ്ടാകുന്നുണ്ട്. ഗ്രാമപഞ്ചായത്തിന്റെ തനത് വരുമാനം വർദ്ധിപ്പിക്കുന്നതിന് ബദൽമാർഗ്ഗങ്ങൾ ആരായുന്നതിന് ധനകാര്യ സ്റ്റാന്റിംഗ് കമ്മറ്റിയോടും പഞ്ചായത്ത് ഭരണസമിതിയോടും ശുപാർശ ചെയ്യുന്നു.

# 1-14 ഓൺലൈൻ വസ്തു നികുതി -തുക ലഭ്യമാകുന്നതിന് കാലതാമസം

ഓൺലൈനിൽ വസ്തുനികുതി അടവാക്കുന്നത് യഥാസമയം പഞ്ചായത്തിന്റെ അക്കൗണ്ടിൽ ക്രെഡിറ്റ് ചെയ്യപ്പെടുന്നില്ല. രണ്ടാഴ്ചയിൽ കൂടുതൽ സമയം ഇത്തരത്തിൽ കാലതാമസം ഉണ്ടാകുന്നതായി ശ്രദ്ധയിൽപ്പെട്ടു.

വസ്തു നികുതി ഓൺലൈനായി അടവാക്കുന്നതിന് സ്റ്റേറ്റ് ബാങ്ക് ഓഫ് ഇൻഡ്യയിൽ ഗ്രാമപഞ്ചായത്ത് 67393578791 നമ്പരായി അക്കൗണ്ട് ആരംഭിച്ചിട്ടുണ്ട്. ഓൺലൈനിൽ വസ്തു നികുതി അടവാക്കുന്ന അവസരത്തിൽ വസ്തുനികുതിയുള്ള സഞ്ചയാ സോഫ്റ്റ്‌വെയറിൽ അപ്ഡേറ്റാകുകയും വസ്തു നികുതി അടവാക്കുന്ന വ്യക്തിക്ക് അടച്ച തുകയുടെ രസീത് ലഭ്യമാകുകയും ചെയ്യുന്നു. എന്നാൽ ഈ തുക ഐ.കെ.എം.ന്റെ അക്കൗണ്ടിൽ താത്കാലികമായി ക്രെഡിറ്റ് ആകുകയും, ഐ.കെ.എം. പ്രസ്തുത തുക ട്രാൻസ്ഫർ ചെയ്യുമ്പോൾ മാത്രം പഞ്ചായത്തിന്റെ അക്കൗണ്ടിൽ എത്തുകയും ചെയ്യുന്നു. ഇത്തരത്തിൽ നികുതിത്തുക യഥാസമയം ക്രെഡിറ്റ് ചെയ്യാതിരിക്കുന്നതായി പരിശോധനയിൽ കണ്ടു. ഉദാഹരണമായി നാലു ദിവസത്തെ വിവരങ്ങൾ ചുവടെ ചേർക്കുന്നു.

| തുക ഒടുക്കിയ തീയതി | തുക | പഞ്ചായത്ത് അക്കൗണ്ടിൽ വരവ് വന്ന തീയതി |
|---|---|---|
| 19.02.19 | 2232 | 08.03.19 |
| 08.01.19 | 1349 | 18.01.19 |
| 15.01.19 | 2143 | 22.01.19 |
| 29.12.18 | 1184 | 11.01.19 |

ഈ സാങ്കേതിക പിഴവ് മൂലം പഞ്ചായത്തിലെ സാംഖ്യയിലെ കണക്കുകളും സഞ്ചയയിലെ വസ്തുനികുതി കണക്കുകളും തമ്മിൽ പൊരുത്തപ്പെടാതെ പോകുന്നു. കൂടാതെ, പണം അടച്ച വ്യക്തിയുടെ പേരുവിവരവും പാസ് ബുക്കിൽ വരുന്നില്ല. ഗൗരവമായ ഈ പ്രശ്നം പഞ്ചായത്ത് അധികൃതരുടേയും ഡിഡിപിയുടേയും ശ്രദ്ധയിൽപ്പെടുത്തുന്നു. തുടർ നടപടികൾ സ്വീകരിക്കേണ്ടതാണ്.

# 1-15 തനത് വരുമാനം സൂക്ഷിക്കുന്നതിന് ഒന്നിലേറെ അക്കൗണ്ടുകൾ

ഗ്രാമപഞ്ചായത്തിൽ തനതുഫണ്ട് സൂക്ഷിക്കുന്നതിന് നിലവിൽ മൂന്ന് അക്കൗണ്ടുകളാണ് ഉള്ളത്. വിശദാംശം ചുവടെ ചേർക്കുന്നു.

| ക്രമ നമ്പർ | ബാങ്ക് അക്കൗണ്ടിന്റെ പേര്, അക്കൗണ്ട് നം | നീക്കിയിരിപ്പ് |
|---|---|---|
| 1 | എസ്.ബി.ഐ. തനതു ഫണ്ട്, 67291267930 | 6017048 |
| 2 | എസ്.ബി.ഐ. കറന്റ് അക്കൗണ്ട്, 67393578791 | 50310 |
| 3 | എസ്.സി.ബി -ഓമല്ലൂർ, 0101001759 | 86728.54 |

മേൽ അക്കൗണ്ടുകളിൽ എസ്.സി.ബി -ഓമല്ലൂർ എന്ന അക്കൗണ്ടിൽ നിലവിൽ ഇടപാടുകൾ നടത്തുന്നില്ല. തദ്ദേശ സ്വയംഭരണ വകുപ്പിന്റെ 26.05.2011 ലെ 58725/എഫ്.എം.3/2008/ത.സ്വ.ഭ.വ. നം. സർക്കുലർ പ്രകാരം തനത് ഫണ്ട് സൂക്ഷിക്കുന്നതിന് ട്രഷറി അക്കൗണ്ടിന് പുറമേ ദേശസാൽകൃത ബാങ്കിലോ സഹകരണ ബാങ്കിലോ ഒരു അക്കൗണ്ട് മാത്രമേ പരിപാലിക്കാൻ പാടുള്ളൂ എന്ന് നിഷ്കർഷിച്ചിട്ടുണ്ട്. നിർജ്ജീവമായ അക്കൗണ്ടുകൾ ക്ലോസു ചെയ്ത് അവയിലെ തുകകൾ, നിലനിർത്തുന്ന ഒരു അക്കൗണ്ടിലേക്ക് മാറ്റുന്നതിന് ധനകാര്യ സ്റ്റാന്റിംഗ് കമ്മറ്റിയും ഭരണസമിതിയും അടിയന്തിര നടപടി സ്വീകരിച്ച് വിവരം ഓഡിറ്റിൽ ലഭ്യമാക്കേണ്ടതാണ്.

## 1-16 ഇ ടെണ്ടർ മുഖേന നടപ്പിലാക്കുന്ന മരാമത്ത് പ്രവൃത്തികളുടെ ടെണ്ടർ ഫീസ് തിരികെ ലഭിക്കുന്നതിന് കാലതാമസം-ടെണ്ടർ ഫീസ് ക്രഡിറ്റ് ചെയ്യുന്നതിന് അക്കൗണ്ട് തുടങ്ങിയില്ല

നികുതിയേതര വരുമാനമായി ഗ്രാമ പഞ്ചായത്തിന് ലഭിക്കേണ്ട ടെണ്ടർ ഫീ എൽ.എസ്.ജി.ഡി. എക്സി. എഞ്ചിനീയറുടെ അക്കൗണ്ടിൽ നിന്നും തിരികെ ലഭിക്കുന്നതിന് കാലതാമസം നേരിടുന്നു. 28-09-2013 ലെ ജി.ഒ. (എം.എസ്) 318/2013/ത.സ്വ.ഭ.വ ഉത്തരവ് പ്രകാരം ഇ ടെണ്ടർ മുഖേന നടപ്പിലാക്കുന്ന മരാമത്ത് പ്രവൃത്തികളുടെ ഇ.എം.ഡി, ടെണ്ടർ ഫീസ് എന്നിവ ഓൺലൈൻ ആയി ഒടുക്കുന്നതിന് ജില്ലാപഞ്ചായത്ത് എൽ.എസ്.ജി.ഡി എക്സി. എഞ്ചിനീയറുടെ പേരിൽ സീറോ ബാലൻസ് അക്കൗണ്ട് ആരംഭിക്കുന്നതിനും ഗ്രാമ പഞ്ചായത്ത്/ബ്ലോക്ക് പഞ്ചായത്ത് മുഖേന നടപ്പിലാക്കുന്ന മരാമത്ത് പ്രവൃത്തികളുടെ ടെണ്ടർ ഫീസ് പ്രസ്തുത അക്കൗണ്ടിൽ ഒടുക്കുന്നതിനും നിർദ്ദേശിച്ചിരുന്നു. വികേന്ദ്രീകൃതാസൂത്രണ സംസ്ഥാന തല കോർഡിനേഷൻ കമ്മിറ്റിയുടെ 27-07-2017 ലെ യോഗ തീരുമാനത്തിന്റെ അടിസ്ഥാനത്തിൽ തദ്ദേശ സ്വയംഭരണ വകുപ്പിന്റെ 02-10-2017 ലെ സ.ഉ (സാധാ) നമ്പർ 3186/2017/ത.സ്വ.ഭ.വ പ്രകാരമുള്ള ഉത്തരവിൽ സ്റ്റേറ്റ് ബാങ്ക് ഓഫ് ഇൻഡ്യയിൽ അക്കൗണ്ടില്ലാത്ത എല്ലാ തദ്ദേശ സ്വയംഭരണസ്ഥാപനങ്ങൾക്കും ഇ-ടെണ്ടറിന്റെ ആവശ്യത്തിനായി എസ്.ബി.ഐ യിൽ അക്കൗണ്ട് തുടങ്ങുന്നതിന് അനുമതി നല്കിയിരുന്നു. എന്നാൽ ഓമല്ലൂർ ഗ്രാമ പഞ്ചായത്തിൽ ഇത്തരത്തിൽ അക്കൗണ്ട് തുടങ്ങിയിട്ടില്ലാത്തതായി അസി.എഞ്ചിനീയർ അറിയിച്ചു. ഗ്രാമ പഞ്ചായത്തിൽ 2018-19 ൽ മാത്രമാണ് ഒരു പ്രവൃത്തി ഇ ടെണ്ടർ ചെയ്തിട്ടുള്ളത്. ജില്ലാപഞ്ചായത്ത് എൽ.എസ്.ജി.ഡി എക്സി. എഞ്ചിനീയറുടെ പേരിലുള്ള സീറോ ബാലൻസ് അക്കൗണ്ടിലേക്കാണ് ടെണ്ടർ ഫീ ക്രഡിറ്റ് ചെയ്തിട്ടുള്ളത്. തൻ വർഷം എക്സി. എഞ്ചിനീയറുടെ അക്കൗണ്ടിലേക്ക് ക്രഡിറ്റ് ചെയ്ത ടെണ്ടർഫീയുടെ വിശദാംശം ചുവടെ ചേർക്കുന്നു.

| വർഷം | പ്രോജക്റ്റുകളുടെഎണ്ണം | ഒടുക്കിയ ടെണ്ടർഫീ | തിരികെ ലഭിച്ച തുക | ബാലൻസ് |
|---|---|---|---|---|
| 2018-19 | 1 | 4800 | 0 | 4800 |

2018-19 ൽ ഒടുക്കിയിട്ടുള്ള ടെണ്ടർ ഫീ നാളിതുവരെ ഗ്രാമ പഞ്ചായത്തിന് തിരികെ ലഭിച്ചിട്ടില്ല. ടെണ്ടർ ഫീ തിരികെ ലഭിക്കുന്നതിനും, അസി. എഞ്ചിനീയറുടെ പേരിൽ അക്കൗണ്ട് തുടങ്ങുന്നതിനും അടിയന്തിര നടപടി സ്വീകരിക്കേണ്ടതാണ്. ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിയുടെ സവിശേഷ ശ്രദ്ധ ഈ വിഷയത്തിലേക്ക് ക്ഷണിക്കുന്നു. തുക ലഭ്യമാക്കുന്ന മുറയ്ക്ക് വിവരം റിപ്പോർട്ട് ചെയ്യേണ്ടതാണ്.

## 1-17 പുതുക്കിയ ചട്ടങ്ങൾക്കനുസൃതമായി ലൈസൻസ് ഫീസ് ഈടാക്കിയിട്ടില്ല

31.10.2017 തീയതിയിലെ ജി.ഒ(പി)നം.80/2017/ത.സ്വ.ഭ.വ (എസ്.ആർ.ഒ നം. 674/2017) പ്രകാരം പുറപ്പെടുവിച്ച വിജ്ഞാപനം അനുസരിച്ച് 1996-ലെ കേരള പഞ്ചായത്ത് രാജ് (അസഹ്യവും അപകടകരവുമായ വ്യാപാരങ്ങൾക്കും ഫാക്ടറികൾക്കും ലൈസൻസ് നൽകൽ) ചട്ടങ്ങൾക്ക് ഭേദഗതികൾ പുറപ്പെടുവിച്ചിട്ടുണ്ട്. ഇതു പ്രകാരം ലൈസൻസ് ഫീ നിശ്ചയിക്കുന്നത് ദൈനംദിന വിറ്റുവരവിന് പകരം മൂലധന നിക്ഷേപത്തിന്റെ അടിസ്ഥാനത്തിലായിരിക്കണമെന്ന് നിഷ്കർഷിച്ചിട്ടുണ്ട്. ഭേദഗതി ചട്ടം അനുസരിച്ച് സ്ഥാപനങ്ങളെ മൈക്രോ, മിനി, സ്മോൾ, മീഡിയം, ലാർജ് എന്നീ തട്ടുകളാക്കി മൂലധന നിക്ഷേപത്തിന്റെ അടിസ്ഥാനത്തിൽ ഫീസ് ഈടാക്കേണ്ടതാണ്. രേഖകൾ പരിശോധിച്ചതിൽ ലൈസൻസ്ചട്ടങ്ങളിൽ വന്ന ഭേദഗതി പ്രകാരം 2018-19

വർഷത്തിൽ ഫീസ് പിരിക്കുന്നതിന് അപേക്ഷകളിൽ ആവശ്യമായ മാറ്റങ്ങൾ വരുത്താതിരുന്നതിനാൽ അപേക്ഷകളിലൊന്നും വ്യാപാര വ്യവസായ സ്ഥാപനങ്ങുടെ മൂലധന നിക്ഷേപം രേഖപ്പെടുത്തിയിട്ടില്ലായെന്ന് കണ്ടു. ആയതിനാൽ പല സ്ഥാപനങ്ങളുടേയും ലൈസൻസ് ഫീസ് മുൻവർഷത്തെ അതേ തുക തന്നെയാണ് ഈടാക്കിയിട്ടുള്ളത്. ഈ അപാകത സംബന്ധിച്ച നൽകിയ ഓഡിറ്റ് അന്വേഷണക്കുറിപ്പിന് (18/30.01.2020) മറുപടി നൽകിയിട്ടില്ല. പുതുക്കിയ ലൈസൻസ് ചട്ടങ്ങളിലെ നിർദ്ദേശത്തിന് അനുസൃതമായി ലൈസൻസ് ഫീസ് ഈടാക്കി ഗ്രാമപഞ്ചായത്തിന്റെ തനത് വരുമാനം വർദ്ധിപ്പിക്കുവാൻ നടപടി സ്വീകരിക്കേണ്ടതാണ്. ഇക്കാര്യത്തിൽ ഗ്രാമപഞ്ചായത്ത് ഭരണസമിതിയും ധനകാര്യ സ്റ്റാന്റിംഗ് കമ്മറ്റിയും ഉചിതമായ തീരുമാനം കൈക്കൊള്ളേണ്ടതാണ്.

## 1-18 വാടക - കരാർ ചമയ്ക്കുന്നില്ല

വാടകയുമായി ബന്ധപ്പെട്ട രേഖകൾ പരിശോധിച്ചതിൽ കേരള പഞ്ചായത്ത് രാജ് (കരാർ) ചട്ടങ്ങളിലെ ചട്ടം 6 പ്രകാരമുള്ള നടപടിക്രമങ്ങൾ പാലിച്ചിട്ടില്ല. പഞ്ചായത്തിലെ ഷോപ്പിംഗ് കോംപ്ലക്സിലെ 23 കടമുറികളും മാർക്കറ്റിലെ 13 സ്റ്റാളുകളുമാണ് തൻവർഷം വാടകയ്ക്ക് നൽകിയത്. എല്ലാവരിൽ നിന്നും 200 രൂപയുടെ മുദ്രപത്രം വാങ്ങിയിട്ടുണ്ടെങ്കിലും ആയതിൽ വ്യവസ്ഥകൾ ഒന്നും രേഖപ്പെടുത്തിയിട്ടില്ല.

പഞ്ചായത്ത് ഡയറക്ടറുടെ 18.01.2007 തീയതിയിലെ സർക്കുലർ (നം.എച്ച് 1-13880/06) പ്രകാരം കരാറിൽ ഏർപ്പെടുമ്പോൾ പഞ്ചായത്ത് പാലിക്കേണ്ട നടപടികളെപ്പറ്റി വിശദമാക്കുന്നുണ്ട്. ആയതുപ്രകാരം വിശദമായും ഏകീകൃത സ്വഭാവത്തിലുള്ളതുമായ കരാർ ചമയ്ക്കേണ്ടതും കരാറിൽ ആവശ്യമായ എല്ലാ വിവരങ്ങളും രേഖപ്പെടുത്തുന്നുണ്ടെന്ന് സെക്രട്ടറി ഉറപ്പ് വരുത്തേണ്ടതുമാണ്.

## 1-19 തൊഴിൽ നികുതി പിരിവിലെ അപാകതകൾ

ഓരോ അർദ്ധവർഷത്തിലും 60 ദിവസത്തിൽ കുറയാത്ത കാലം പഞ്ചായത്ത് പ്രദേശത്ത് ഇടപാടുകൾ നടത്തുന്ന ഏതൊരു സ്ഥാപനത്തിൽ നിന്നും, ബിസിനസ്സ് നടത്തുകയോ, തൊഴിലിലോ, കലയിലോ, ജോലിയിലോ ഏർപ്പെടുകയോ, പൊതുവായോ സ്വകാര്യമായോ ആയ ഏതെങ്കിലും ഉദ്യോഗം വഹിക്കുകയോ ചെയ്യുന്ന ഏതൊരാളിൽ നിന്നും തൊഴിൽനികുതി ഈടാക്കേണ്ടതാണെന്ന് 1994-ലെ കേരളാ പഞ്ചായത്ത് രാജ് നിയമം 204-ാം വകുപ്പ്, 1996-ലെ കേരള പഞ്ചായത്ത് രാജ് (തൊഴിൽനികുതി) ചട്ടങ്ങളിലെ ചട്ടം 3, 4 എന്നിവ അനുശാസിക്കുന്നു. എന്നാൽ ചുവടെ പറയുന്ന സ്ഥാപനങ്ങളിലെ ജീവനക്കാർ തൻവർഷം തൊഴിൽ നികുതി അടച്ചിട്ടില്ല.

| ക്രമനം. | സ്ഥാപനത്തിന്റെ പേര് | ജീവനക്കാരുടെ എണ്ണം | ഈടാക്കാത്ത അർദ്ധ വർഷം |
|---|---|---|---|
| 1 | ദീപം ന്യൂട്രീമിക്സ് | 5 | II |
| 2 | കൺസ്യൂമർഫെഡ് ഗോഡൗൺ | 5 | II |

നികുതി ഒടുക്കാൻ ബാദ്ധ്യസ്ഥരായ സ്ഥാപനങ്ങൾ, തൊഴിലാളികൾ എന്നിവരെ കണ്ടെത്താനായി എല്ലാ കെട്ടിട ഉടമസ്ഥരോടും കെട്ടിടം ഉപയോഗിക്കുന്നവരുടെ വിവരം ലഭ്യമാക്കാൻ നോട്ടീസ് നൽകിയിട്ടില്ല. കൂടാതെ പഞ്ചായത്തുപരിധിയിൽ മരാമത്തു പ്രവൃത്തികൾചെയ്ത കരാറുകാർ, റേഷൻകട വ്യാപാരികൾ, കുടുംബശ്രീ അക്കൗണ്ടന്റ് എന്നിവർ തൻവർഷം തൊഴിൽ നികുതി അടച്ചിട്ടില്ല. ഈ അപാകത സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണക്കുറിപ്പിന് (11/23.01.2020) തൊഴിൽ നികുതി അടവാക്കാത്തവർക്ക് അടവാക്കാനുള്ള കത്ത് നൽകിയിട്ടുണ്ടെന്ന് മറുപടി നൽകിയിട്ടുണ്ട്. മേൽ സ്ഥാപനങ്ങളിലെ ജീവനക്കാരിൽ നിന്നും നികുതി ഈടാക്കിയ ശേഷം വിവരം രേഖാമൂലം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

## 1-20 റേഷൻകടകൾ ലൈസൻസ് ഫീസ്, തൊഴിൽ നികുതി എന്നിവ അടവാക്കുന്നില്ല

1994-ലെ കേരള പഞ്ചായത്ത് രാജ് ആക്ട് 232, 233, 234, 254 വകുപ്പുകൾക്ക് അനുബന്ധമായി പുറപ്പെടുവിച്ചിട്ടുള്ള ലൈസൻസ് ചട്ടങ്ങളിൽ ലൈസൻസ് ആവശ്യമായ സ്ഥാപനങ്ങളുടെ പട്ടികയിൽ ഭക്ഷ്യ-പൊതു വിതരണ വകുപ്പിന്റെ ഭാഗമായ റേഷൻ റീട്ടെയിൽ ഡിപ്പോകളെയും ഉൾപ്പെടുത്തിയിട്ടുണ്ട്. എന്നാൽ ലൈസൻസ് രജിസ്റ്റർ പരിശോധിച്ചതിൽ ഗ്രാമപഞ്ചായത്ത് പരിധിയിൽ പ്രവർത്തിക്കുന്ന രണ്ട് റേഷൻ കടകൾ മാത്രമാണ് തൻവർഷം ലൈസൻസ് എടുത്തത്. മറ്റു റേഷൻ കടകൾ ലൈസൻസ് ഇല്ലാതെയാണ് പ്രവർത്തിക്കുന്നത്.

സിവിൽ സപ്ലൈസ് ഡയറക്ടറുടെ 22.01.19-ലെ (സി.എസ്.)എ9-764/2019 നമ്പർ കത്ത് പ്രകാരം റേഷൻ കടകളെ നിലവിലുള്ള ചട്ടങ്ങൾ പ്രകാരം ലൈസൻസ് ഫീസ്, തൊഴിൽ നികുതി എന്നിവ ഒടുക്കുന്നതിൽ നിന്നും ഒഴിവാക്കാൻ കഴിയുകയില്ലായെന്ന് സ്പഷ്ടീകരണം പുറപ്പെടുവിച്ചിട്ടുണ്ട്. റേഷൻകടകളിൽ നിന്നും ലൈസൻസ് ഫീസ്,

ജീവനക്കാരുടെ തൊഴിൽ നികുതി എന്നിവ ഈടാക്കുന്നതിന് നടപടികൾ സ്വീകരിച്ച് വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

## 1-21 കൃഷിഭവന്റെ അനുബന്ധ സൗകര്യം ഒരുക്കൽ- നിർവ്വഹണത്തിലെ അപാകതകൾ

കൃഷിഭവന്റെ അനുബന്ധ സൗകര്യം ഒരുക്കൽ എന്ന പദ്ധതിയിൽ ഉൾപ്പെടുത്തി കമ്പ്യൂട്ടർ, പ്രിന്റർ എന്നിവ വാങ്ങുന്നതിനായി കൃഷിഓഫീസർ ക്ഷണിച്ച ക്വട്ടേഷനുകൾ ഗ്രാമപഞ്ചായത്ത് കമ്മറ്റിയുടെ 19.11.2018-ലെ 6(1)-ാം നമ്പർ തീരുമാന പ്രകാരം അംഗീകരിച്ചിട്ടുണ്ട്. എന്നാൽ ഈ വാങ്ങൽ, ഗ്രാമപഞ്ചായത്തിലെ പ്രൊക്യൂർമെന്റ് കമ്മറ്റി അംഗീകരിച്ചിട്ടില്ല. ഏറ്റവും കുറഞ്ഞ നിരക്ക് ക്വോട്ട് ചെയ്ത PC Planet എന്ന സ്ഥാപനത്തിൽ നിന്നും 19800 രൂപയുടെ C.P.U വും അനുബന്ധ സാധനങ്ങളും, 10600 രൂപ വിലയുള്ള Printer Canon LBP2900B എന്ന പ്രിന്ററും വാങ്ങുന്നതിനാണ് പഞ്ചായത്ത് കമ്മറ്റി തീരുമാനിച്ചത്. എന്നാൽ ആയതിന് വിരുദ്ധമായി 12900 രൂപയുടെ Printer Canon MF3010 A10 എന്ന പ്രിന്ററാണ് നിർവ്വഹണഉദ്യോഗസ്ഥൻ വാങ്ങിയിട്ടുള്ളത്. ഏറ്റവും കുറഞ്ഞ നിരക്ക് ക്വോട്ട് ചെയ്ത പ്രിന്റർ വാങ്ങാതിരുന്നതിന്റെ കാരണം ഫയലിൽ രേഖപ്പെടുത്തിയിട്ടില്ല. അപാകത ചൂണ്ടിക്കാണിച്ച് നൽകിയ അന്വേഷണക്കുറിപ്പിന് (16/28.01.2020), നിർവ്വഹണഉദ്യോഗസ്ഥൻ മറുപടി ലഭ്യമാക്കിയിട്ടില്ല. വില കൂടിയ പ്രിന്റർ വാങ്ങുന്നതിന് പഞ്ചായത്ത് കമ്മറ്റിയുടെയോ, പ്രൊക്യുവർമെന്റ് കമ്മറ്റിയുടെയോ അംഗീകാരം ലഭ്യമാക്കാത്ത സാഹചര്യത്തിൽ ഈ ഇനത്തിൽ അധികം ചെലവഴിച്ച 2300 രൂപ ഓഡിറ്റ് തടസ്സപ്പെടുത്തുന്നു.

## 1-22 കൃഷിഓഫീസർ നിർവ്വഹണം നടത്തിയ പദ്ധതികളിലെ അപാകതകൾ

കൃഷിഓഫീസർ നിർവ്വഹണ ഉദ്യോഗസ്ഥനായി നടപ്പാക്കിയ പദ്ധതികളുടെ നിർവ്വഹണത്തിലെ അപാകതകൾ ചുവടെ ചേർക്കുന്നു.

**എ) അഗ്രോ ഇൻഡസ്ട്രീസ് കോർപ്പറേഷനിൽ നിന്നും വിത്തുകളും തൈകളും വാങ്ങി**

കാർഷിക യന്ത്രവൽക്കരണം നടപ്പാക്കുന്നതിനായി കൃഷിവകുപ്പിന് കീഴിൽ പ്രവർത്തിക്കുന്ന പൊതുമേഖലാ സ്ഥാപനമാണ് കേരള അഗ്രോ ഇൻഡസ്ട്രീസ് കോർപ്പറേഷൻ. KAICO-സ്വന്തമായി ഉൽപാദിപ്പിക്കുന്ന കാർഷിക ഉപകരണങ്ങളും സാധനസാമഗ്രികളും മാത്രമെ ടെൻഡർ കൂടാതെ നേരിട്ട് വാങ്ങുന്നതിന് തദ്ദേശഭരണസ്ഥാപനങ്ങൾക്ക് സർക്കാർ അനുമതി നൽകിയിട്ടുള്ളു. എന്നാൽ കൃഷിഓഫീസർ നടപ്പാക്കിയ കുറ്റികുരുമുളക് തൈ വിതരണം (പ്രോ.നം 193/19), കശുമാവ് തൈ വിതരണം (പ്രോ.നം.197/19), പൂവൻ വാഴക്കന്ന് വിതരണം (പ്രോ.നം.196/19), ഏത്തവാഴക്കന്ന് വിതരണം (പ്രോ.നം.194/19) എന്നീ പദ്ധതികൾക്കായി കേരള അഗ്രോ ഇൻഡസ്ട്രീസ് കോർപ്പറേഷനിൽ നിന്നുമാണ് തൈകൾ വാങ്ങി കർഷകർക്ക് വിതരണം ചെയ്തിട്ടുള്ളത്. 13ാം പഞ്ചവത്സര പദ്ധതി നിർവ്വഹണ മാർഗ്ഗരേഖയിൽ [സ.ഉ(കൈ) നം.22/18 /ത.സ്വ.ഭ.വ/14.02.2018], വിത്തും അനുബന്ധ സാധനങ്ങളും കൃഷിവകുപ്പ് ഫാമുകൾ, നാഷണൽ സീഡ് കോർപ്പറേഷൻ, കേരള സംസ്ഥാന വിത്ത് വികസന അതോറിറ്റി എന്നിവയിൽ നിന്നും വാങ്ങുന്നതിനാണ് അനുമതി നൽകിയിട്ടുള്ളത്. സർക്കാർ നിർദ്ദേശത്തിന് വിരുദ്ധമായി KAICOയിൽ നിന്നും വിത്തുകളും തൈകളും വാങ്ങിയതിന് വിശദീകരണം ലഭ്യമാക്കേണ്ടതാണ്.

**ബി)സംഘം ചേർന്ന് പച്ചക്കറി കൃഷിക്ക് പൂട്ടുകൂലി നൽകൽ (പ്രോ.നം.99/19)**

'സംഘം ചേർന്ന് പച്ചക്കറി കൃഷിക്ക് പൂട്ടുകൂലി നൽകൽ' എന്ന പദ്ധതിക്കായി 34034 രൂപ ചെലവഴിച്ചിട്ടുണ്ട്. ഒരു ഹെക്ടർ പ്രദേശത്തെ പച്ചക്കറി കൃഷിക്ക് ബ്ലോക്ക് വിഹിതമായി 8250രൂപയും ഗ്രാമപഞ്ചായത്ത് വിഹിതമായി 4125രൂപയും നൽകുന്നതിനാണ് പദ്ധതി ആവിഷ്കരിച്ചിട്ടുള്ളത്. പദ്ധതിയുടെ നിർവ്വഹണത്തിലെ അപാകതകൾ ചുവടെ ചേർക്കുന്നു.

1. 18.04.2018-ലെ ADA/PTA/JNK/25/2018-19-ാം തീരുമാന പ്രകാരം പ്രോജക്റ്റിന് അംഗീകാരം ലഭിച്ചിരുന്നു. എന്നാൽ ഗുണഭോക്താക്കളെ യഥാസമയം ഗ്രാമസഭവഴി തെരഞ്ഞെടുത്തില്ല. 20.03.2019 -ൽ ചേർന്ന പഞ്ചായത്ത് കമ്മറ്റിയുടെ 4(1)-ാം നമ്പർ തീരുമാന പ്രകാരമാണ് ഗുണഭോക്താക്കളെ തെരഞ്ഞെടുത്തത്. കമ്മറ്റി അംഗീകരിച്ച ഗുണഭോക്താക്കളെ ഗ്രാമസഭയിൽ വച്ച് അംഗീകാരം വാങ്ങിയിട്ടില്ല.
2. കൃഷിഓഫീസർ, കൃഷി അസ്സിസ്റ്റന്റ് എന്നിവരുടെ അന്വേഷണ റിപ്പോർട്ട് ഇല്ലാതെയാണ് 13 ഗ്രൂപ്പുകൾക്ക് തുക കൈമാറിയിരിക്കുന്നത്.

കൃഷി ചെയ്യുന്ന സ്ഥലവിസ്തൃതിക്ക് ആനുപാതികമായി മാത്രമെ സബ്സിഡി തുക നൽകാവൂ എന്നാണ് പദ്ധതി നിർവ്വഹണ മാർഗ്ഗരേഖയിൽ നിഷ്കർഷിച്ചിരിക്കുന്നത്. കൃഷി ഓഫീസറുടെയോ, ഉത്തരവാദിത്തപ്പെട്ട ഉദ്യോഗസ്ഥന്റെയോ അന്വേഷണ റിപ്പോർട്ട് ഇല്ലാതെ നൽകിയ 34034 രൂപ ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

## 1-23 പൊതുമരാമത്ത് പ്രവൃത്തികൾക്ക് വകയിരുത്തിയ 1.09കോടി രൂപ ലാപ്സായി

അസി. എഞ്ചിനിയർ നിർവ്വഹണ ഉദ്യോഗസ്ഥനായി ആവിഷ്കരിച്ച പ്രോജക്ടുകൾ യഥാസമയം പൂർത്തീകരിച്ച് 2018-19 വർഷം 29453739/- രൂപ വകയിരുത്തി 103 പ്രോജക്ടുകൾ ആവിഷ്കരിച്ച് അംഗീകാരം ലഭിച്ചതിൽ 36 പ്രവൃത്തികൾ സ്പിൽ ഓവറും 67 പ്രവൃത്തികൾ തൻ വർഷം ഏറ്റെടുത്ത പുതിയ പ്രവൃത്തികളുമാണ്. 80 എണ്ണം പൂർത്തീകരിച്ചുവെങ്കിലും - 73 പ്രവൃത്തികളുടെ ബിൽ മാത്രമേ ട്രഷറിയിൽ സമയബന്ധിതമായി സമർപ്പിച്ച് തുക ചെലവഴിച്ചിട്ടുള്ളു. സാമ്പത്തിക വർഷാവസാനം സമർപ്പിച്ച - 7 പ്രവൃത്തികളുടെ ബിൽ ട്രഷറി ക്യൂവിൽ ഉൾപ്പെടുത്തിയിരുന്നുവെങ്കിലും തൻ വർഷം തുക ചെലവഴിക്കാൻ കഴിഞ്ഞിട്ടില്ല. 23 പ്രവൃത്തികൾ നടപ്പാക്കിയില്ല.

ഏറ്റെടുക്കുന്ന പ്രവൃത്തികൾ പ്രവർത്തന കലണ്ടർ അനുസരിച്ച് സമയബന്ധിതമായി നടപ്പാക്കാതെ സ്പിൽ ഓവറാക്കുന്ന പ്രവണത ആശാസ്യമല്ല. പശ്ചാത്തല മേഖലയിലെ വികസന പ്രവർത്തനങ്ങൾക്ക് വാർഷിക പദ്ധതിയിൽ പഞ്ചായത്ത് വകയിരുത്തുന്ന തുക നിർവ്വഹണ ഉദ്യോഗസ്ഥരായ എൽ.എസ്.ജി.ഡി വിഭാഗത്തിന്റെ അനാസ്ഥമൂലം പ്രവൃത്തികൾ നടപ്പാക്കാതെ കോടികൾ ലാപ്സാകുന്നു. വിശദാംശം ചുവടെ ചേർക്കുന്നു.

| ആവിഷ്കരിച്ച പദ്ധതി | അടങ്കൽ തുക | നടപ്പാക്കിയതും തുക ചെലവഴിച്ചിട്ടുള്ളതുമായ പദ്ധതി | ചെലവഴിച്ചതുക | നടപ്പാക്കിയതും ബിൽ ട്രഷറി ക്യൂവിലായതുമായ പദ്ധതി | ലാപ്സായ ബിൽ തുക | നടപ്പാക്കാത്ത പ്രവൃത്തി | ലാപ്സായ അടങ്കൽ |
|---|---|---|---|---|---|---|---|
| 103 | 29453739 | 73 | 16262766 | 7 | 500488 | 23 | 12690485 |

ആകെ ലാപ്സായ 13190970 രൂപയിൽ ഉൾപ്പെട്ടിട്ടുള്ള ജില്ലാ പഞ്ചായത്ത് ഫണ്ട്, ബ്ലോക്ക് പഞ്ചായത്ത് വിഹിതം, തനത്ഫണ്ട്, മറ്റ് ഫണ്ടുകൾ എന്നീ ഇനത്തിലുള്ള 2208075/-രൂപ കഴിച്ച് അന്തിമമായി ലാപ്സായത് 10982898/- രൂപയാണ്. പശ്ചാത്തല വികസനം ലക്ഷ്യമാക്കി ആവിഷ്കരിച്ച പൊതുമരാമത്ത് പ്രവൃത്തികൾക്ക് വകയിരുത്തിയ തുക ലാപ്സാക്കിയത് ശരിയായ നടപടിയല്ല.

മോണിട്ടറിംഗ് സമിതിയുടെ ശക്തമായ മേൽനോട്ടത്തിന്റെ ആഭാവവും, വികസന സ്റ്റാന്റിംഗ് കമ്മിറ്റി വാർഷിക വികസന പദ്ധതി യഥാസമയം വിലയിരുത്തി നിർവ്വഹണ വേളയിൽ വേണ്ട നിർദ്ദേശങ്ങൾ നൽകുന്നതിലെ പോരായ്മയും നിർവ്വഹണ ഉദ്യോഗസ്ഥരുടെ അനാസ്ഥയും മരാമത്ത് പ്രവൃത്തികളുടെ നിർവ്വഹണത്തിലെ കാര്യക്ഷമതയില്ലാതാക്കി. ഭരണസമിതിയുടെയും ഭരണവകുപ്പിന്റെയും സത്വര ശ്രദ്ധ ഈ വിഷയത്തിലേക്ക് ക്ഷണിക്കുന്നു.

## 1-24 ഗുണഭോക്തൃ പട്ടികയിൽ ഉൾപ്പെട്ട എല്ലാവർക്കും ആനുകൂല്യം നൽകാതെ പുതിയ പട്ടികയിൽ നിന്നും ആനുകൂല്യം നൽകി

ഓഡിറ്റ് വർഷം അസ്സിസ്റ്റന്റ് സെക്രട്ടറി നിർവ്വഹണഉദ്യോഗസ്ഥനായി, പട്ടികജാതി വിഭാഗത്തിൽപ്പെട്ട വൃദ്ധജനങ്ങൾക്ക് കട്ടിൽ വാങ്ങിനൽകുന്നതിനായി ആവിഷ്കരിച്ച പദ്ധതി പ്രകാരം 82 കട്ടിലുകൾ ARTCO-യിൽ നിന്നും വാങ്ങി വിതരണം ചെയ്തിട്ടുണ്ട്. ടി പദ്ധതിക്കായി 2017-18 വർഷം തയ്യാറാക്കിയ ഗുണഭോക്തൃ പട്ടികയിൽ 20-ൽ അധികം വ്യക്തികൾക്ക് ആനുകൂല്യം ലഭിക്കാതെ അവശേഷിക്കുമ്പോഴാണ് പുതിയ പട്ടികയിൽ നിന്നും ആനുകൂല്യം നൽകിയിട്ടുള്ളത്. വ്യക്തിഗത ആനുകൂല്യങ്ങൾക്ക് നിലവിലുള്ള ലിസ്റ്റ് ഒരു വർഷം കഴിഞ്ഞാൽ റദ്ദാക്കി പുതിയത് തയ്യാറാക്കുന്നതിന് ഗ്രാമപഞ്ചായത്തിന് അധികാരമുണ്ടെങ്കിലും മുൻവർഷങ്ങളിൽ തയ്യാറാക്കിയിട്ടുള്ള ഗുണഭോക്തൃപട്ടികയിലുള്ള എല്ലാവർക്കും ധനസഹായം നൽകിയതിന് ശേഷം മാത്രം പുതിയ ലിസ്റ്റ് പരിഗണിച്ചാൽ മതി (സർക്കുലർ നം- 45369/ഡി.പി.1/03/ത.സ്വ.ഭ.വ തീയതി 27.09.2003). ഗ്രാമപഞ്ചായത്തിന്റെ വാർഷിക പദ്ധതിയുടെ ഭാഗമായി വ്യക്തികൾക്കോ,കുടുംബങ്ങൾക്കോ ആനുകൂല്യം നൽകുന്നതിന് വേണ്ടിയുള്ള പ്രോജക്ടുകളുടെ

ഗുണഭോക്താക്കളെ തെരഞ്ഞെടുക്കുമ്പോൾ ത.സ്വ.ഭ.വകുപ്പിന്റെ 29.01.2018-ലെ സ.ഉ(കൈ)നം.11/2018പ്രകാരമുള്ള നിർദ്ദേശങ്ങളും ഗുണഭോക്തൃ തെരെഞ്ഞെടുപ്പ് സംബന്ധിച്ച് സർക്കാർ കാലാകാലങ്ങളിൽ പുറപ്പെടുവിച്ചിട്ടുള്ള ഉത്തരവുകളും പഞ്ചായത്ത് പാലിക്കുന്നില്ല. വ്യക്തിഗത ആനുകൂല്യങ്ങൾക്കായി തയ്യാറാക്കുന്ന പട്ടികയിലെ എല്ലാവർക്കും ആനുകൂല്യം ലഭിക്കുന്നുണ്ടോയെന്നും മുൻഗണനാ ക്രമത്തിൽ തന്നെയാണോ ആനുകൂല്യം നൽകുന്നതെന്നും സംബന്ധിച്ച് യാതൊരു പരിശോധനയും പഞ്ചായത്ത് നടത്തുന്നില്ല. അർഹരായ എല്ലാവർക്കും ആനുകൂല്യം ലഭിക്കുന്നുണ്ടെന്ന് ഉറപ്പാക്കുന്നതിന് ഉചിതമായ നടപടി സ്വീകരിക്കേണ്ടതാണ്.

# 1-25 തെരുവുവിളക്ക് പരിപാലനം-നിർവ്വഹണത്തിലെ അപാകതകൾ

തെരുവുവിളക്ക് പരിപാലനത്തിനായി 4 പദ്ധതികൾ ആവിഷ്കരിച്ച് നടപ്പാക്കിയിട്ടുണ്ട്. സെക്രട്ടറിയാണ് പദ്ധതി നിർവഹണം നടപ്പിലാക്കിയത്. വിശദാംശം ചുവടെ ചേർക്കുന്നു.

| ക്രമ നം. | പ്രോജക്ടിന്റെ പേര്/നം. | വകയിരുത്തിയ തുക | ചെലവഴിച്ച തുക | ബിൽ നം./വൗച്ചർ നം./തീയതി |
|---|---|---|---|---|
| 1 | തെരുവുവിളക്ക് അറ്റകുറ്റപ്പണിക്കാവശ്യമായ ഉപകരണങ്ങൾ വാങ്ങൽ നം-9/19 | 400000 | 399998 | 588885/29.09.18<br>387925/15.03.19 |
| 2 | തെരുവുവിളക്ക്മെയിന്റനൻസ് ലേബർ ചാർജ്ജ് നൽകൽ നം-160/19 | 102000 | 61760 | 21800313/21.07.2018 |
| 3 | തെരുവുവിളക്ക് മെയിന്റനൻസ് ലേബർ ചാർജ്ജ് നൽകൽ നം-163/19 | 200000 | 88060 | 21800314/21.07.2018 |
| 4 | തെരുവുവിളക്ക് അറ്റകുറ്റപ്പണിക്കാവശ്യമായ ഉപകരണങ്ങൾ വാങ്ങൽ നം-162/19 | 111285 | 109729 | 268143/27.06.18 |

ഗ്രാമപഞ്ചായത്ത് പ്രദേശത്തെ തെരുവുവിളക്കുകളുടെ അറ്റകുറ്റപ്പണികൾക്കായി കരാർ അടിസ്ഥാനത്തിൽ ജീവനക്കാരനെ നിയമിച്ചിട്ടുണ്ട്. എന്നാൽ തെരുവുവിളക്കുകളുടെ പരിപാലനം സംബന്ധിച്ച പദ്ധതികൾ ആസൂത്രണം ചെയ്യുമ്പോൾ അവലംബിക്കേണ്ട പൊതുനിർദ്ദേശങ്ങൾ (പഞ്ചായത്ത് ഡയറക്ടറുടെ 17.08.2015-ലെ ജി2-44274/2015-ാംനമ്പർ സർക്കുലർ) പാലിക്കാതെയാണ് തെരുവുവിളക്കുകളുടെ പരിപാലനം സംബന്ധിച്ച പദ്ധതികൾ ആസൂത്രണം ചെയ്ത് നടപ്പാക്കിയിട്ടുള്ളത്. പദ്ധതിയുടെ നിർവ്വഹണത്തിലുണ്ടായ അപാകതകൾ ചുവടെ ചേർക്കുന്നു.

| **പഞ്ചായത്ത് ഡയറക്ടറുടെ സർക്കുലറിലെ നിർദ്ദേശം** | **ഗ്രാമപഞ്ചായത്ത് സ്വീകരിച്ച് വരുന്ന നടപടി** |
|---|---|
| തെരുവുവിളക്കുകളുടെ പ്രവർത്തനം സംബന്ധിച്ച പരാതികൾ സ്വീകരിക്കുന്നതിനായി നോഡൽ ഓഫീസറെ നിയമിക്കേണ്ടതും ഇത് സംബന്ധിച്ച പരാതികൾ ഇതിനായി സൂക്ഷിച്ചിട്ടുള്ള രജിസ്റ്ററിൽ രേഖപ്പെടുത്തിയതിനു ശേഷം മെയിന്റനൻസ് ടീമിന് | നോഡൽ ഓഫീസറെ നിയമിച്ചിട്ടില്ല.<br>പരാതി രേഖപ്പെടുത്തുന്നതിനായി രജിസ്റ്റർ ഗ്രാമപഞ്ചായത്തിൽ പരിപാലിക്കുന്നില്ല. തെരുവുവിളക്ക് |

| | |
|---|---|
| കൈമാറേണ്ടതുമാണ്. പരിഹരിച്ച പരാതികൾ രജിസ്റ്ററിൽ നോഡൽ ഓഫീസർ സാക്ഷ്യപ്പെടുത്തണം. | പരിപാലനത്തിനായി വാങ്ങുന്ന വിളക്കുകൾ വാർഡ് മെമ്പർമാർ കൈപ്പറ്റുകയും, സ്ഥാപിച്ചതായി സാക്ഷ്യപത്രം നൽകുകയുമാണ് ചെയ്യുന്നത്. |
| ഗ്രാമപ്പഞ്ചായത്ത് പ്രദേശത്തെ മുഴുവൻ തെരുവുവിളക്കുകളു ടെയും വിവരങ്ങൾ പോസ്റ്റ് നമ്പർ ഉൾപ്പെടുത്തി രജിസ്റ്റർ തയ്യാറാക്കേണ്ടതും ഇതിന്റെ അടിസ്ഥാനത്തിൽ തെരുവുവിളക്കുകൾ വാങ്ങുന്നതിന് പദ്ധതി തയ്യാറാക്കേണ്ടതുമാണ്. | ഇപ്രകാരമുള്ള രജിസ്റ്റർ പഞ്ചായത്ത് പരിപാലിക്കുന്നില്ല. എല്ലാ വർഷവും നിശ്ചിത എണ്ണം തെരുവുവിളക്കുകൾ വാങ്ങി എല്ലാ വാർഡിലേക്കും തുല്യമായി വിതരണം ചെയ്യുന്ന രീതിയാണ് അവംലബിച്ച് വരുന്നത്. തെരുവു വിളക്കുകളുടെ കൃത്യമായ വിവരം ശേഖരിക്കാതെയാണ് വാങ്ങലിന് പദ്ധതി ആസൂത്രണം ചെയ്തത്. |
| വാർഡ് മെമ്പർ ചെയർമാനായുള്ള മോണിട്ടറിംഗ് സമിതി കെ.എസ്.ഇ.ബി ഉദ്യോഗസ്ഥരെ ഉൾപ്പെടുത്തി എല്ലാ മാസവും യോഗം ചേരേണ്ടതും ഗ്രാമപഞ്ചായത്ത് പ്രസിഡന്റ്, വൈസ് പ്രസിഡന്റ്, സെക്രട്ടറി,സ്റ്റാന്റിംഗ് കമ്മറ്റി ചെയർമാൻ, കെ.എസ്.ഇ.ബി പ്രതിനിധികൾ എന്നിവരടങ്ങുന്ന കമ്മറ്റി മോണിട്ടറിംഗ് സമിതിയുടെ റിപ്പോർട്ട് സമാഹരിച്ച് തെരെഞ്ഞെടുത്ത വാർഡുകളിൽ പരിശോധന നടത്തി പ്രവർത്തന പുരോഗതി വിലയിരുത്തേണ്ടതുമാണ് | മോണിട്ടറിംഗ് നടത്താതെ വാർഡ് മെമ്പർമാരുടെ സാക്ഷ്യപത്രത്തിന്റെ അടിസ്ഥാനത്തിൽ മാത്രം തുക കരാറുകാരന് കൈമാറുകയാണ് ചെയ്യുന്നത്. |
| കേടായ തെരുവുവിളക്കുകൾ അതാതത് ദിവസം തിരികെ കൊണ്ടുവന്ന് Register of Unservisable Items എന്ന രജിസ്റ്ററിൽ ചേർക്കേണ്ടതും ഇപ്രകാരമുള്ള Stock in Register, Stock Out Register എന്നിവ സാമ്പത്തിക വർഷം അവസാനം റീകൺസിൽ ചെയ്യേണ്ടതാണ്. | രജിസ്റ്ററുകൾ ഇപ്രകാരം റീകൺസിൽ ചെയ്തിട്ടില്ല |
| പഞ്ചായത്ത് ഡയറക്ടറുടെ സർക്കുലറിലെ നിർദ്ദേശിച്ച പ്രകാരമുള്ള മാതൃകയിൽ മെയിന്റനൻസ് രജിസ്റ്റർ സൂക്ഷിക്കേണ്ടതും ആയതിന്റെ കൃത്യത സെക്രട്ടറി പരിശേധിച്ച് ഉറപ്പുവരുത്തേണ്ടതുമാണ്. | രജിസ്റ്റർ പഞ്ചായത്ത് പരിപാലിക്കുന്നില്ല. |

2020-21 സാമ്പത്തികവർഷം മുതൽ പഞ്ചായത്ത് ഡയറക്ടറുടെ നിർദ്ദേശ പ്രകാരമുള്ള നടപടികൾ സ്വീകരിക്കുന്നതാണെന്ന്, അപാകത ചൂണ്ടിക്കാണിച്ച് നൽകിയ അന്വേഷണക്കുറിപ്പിന് (12/23.01.2020) സെക്രട്ടറി മറുപടി ലഭ്യമാക്കിയിട്ടുണ്ട്.

## 1-26 മരാമത്ത് പ്രവൃത്തിയുടെ ബില്ലിൽ നിന്നും ഈടാക്കിയ തുകകൾ ഒടുക്ക് വരുത്തിയില്ല

ഗ്രാമ പഞ്ചായത്ത് 2017-18-ലെ വാർഷിക പദ്ധതിയിൽ പത്തുലക്ഷം രൂപ ജില്ലാ പഞ്ചായത്ത് ഫണ്ടും 50000 രൂപ തനത് ഫണ്ടും ഉൾപ്പെടെ 1050000/- രൂപ ഉൾപ്പെടുത്തി സ്പിൽ ഓവറായി നടപ്പാക്കിയ വനിതാ വിജ്ഞാന കേന്ദ്രം

നിർമ്മാണം(159/18, 156/19) എന്ന പ്രവൃത്തിയുടെ ഫൈനൽ ബിൽ തുകയിൽ നിന്നും ഈടാക്കിയ നികുതികൾ അസി.എഞ്ചിനിയർ ഒടുക്ക് വരുത്തിയിട്ടില്ല.

ശ്രീ.കെ.വി. പ്രസാദ് എസ്റ്റിമേറ്റ് റേറ്റിൽ ഏറ്റെടുത്ത ടി പ്രവൃത്തിയുടെ ആദ്യ പാർട്ട് ബിൽ 03/19 ൽ നൽകുകയും 16-09-19 ൽ പ്രവൃത്തി പൂർത്തീകരിച്ച് ഫൈനൽ ബിൽ തുക നൽകുകയും ചെയ്തു. വിശദാംശം ചുവടെ ചേർക്കുന്നു.

ഒന്നാം പാർട്ട് ബിൽ പ്രകാരമുള്ള ബിൽ തുക താഴെപ്പറയും പ്രകാരമാണ്.

| ഇനം | തുക |
|---|---|
| പ്രവൃത്തിമൂല്ല്യം | 582039 |
| (-) റിട്ടെൻഷൻ | 58204 |
| | 523835 |
| (-) ആദായ നികുതി | 5238 |
| (-) ക്ഷേമനിധി | 5238 |
| ജി.എസ്.ടി | 10476 |
| കരാറുകാരന് അർഹതപ്പെട്ട തുക | 502883 |

അസി.എഞ്ചിനീയറുടെ റിക്വിസിഷൻ പ്രകാരം സംയുക്ത പ്രോജക്ടായി നടപ്പാക്കുന്നതിന് ജില്ലാപഞ്ചായത്തിൽ നിന്നും ലഭിച്ച ഫണ്ടിൽ നിന്ന് 523835/- രൂപ ചെക്ക് നം. 2764512/23-03-19 പ്രകാരം എ.ഇയുടെ പേരിൽ തുടങ്ങിയിട്ടുള്ള SB അക്കൗണ്ടിൽ ക്രഡിറ്റ് ചെയ്തിരുന്നു. പ്രസ്തുത അക്കൗണ്ടിൽ നിന്നും ജി.എസ്.ടി ഉൾപ്പെടെയുള്ള തുകയായി 513359/- രൂപ കരാറുകാരന് നൽകി. ജി.എസ്.ടി ഇനത്തിലുള്ള തുക 27-03-19 ൽ പ്രസ്തുത ഹെഡ് ഓഫ് അക്കൗണ്ടിലേക്ക് ഒടുക്കിയിട്ടുണ്ട്. എന്നാൽ ക്ഷേമ നിധിയും ആദായ നികുതിയും ഒടുക്ക് വരുത്തിയിട്ടില്ല.

ഫൈനൽ ബിൽപ്രകാരം റിട്ടെൻഷൻ ഉൾപ്പെടെ 436408/- രൂപ ജില്ലാ പഞ്ചായത്ത് ഫണ്ടിൽ നിന്നും ചെക്ക് നം. 2764524/30-01-2020 പ്രകാരം എ.ഇയുടെ പേരിൽ നൽകിയിട്ടുണ്ട്. വിശദാംശം ചുവടെ ചേർക്കുന്നു.

| ഇനം | തുക |
|---|---|
| പ്രവൃത്തിമൂല്ല്യം | 378204 |
| (+) റിട്ടെൻഷൻ | 58204 |
| | 436408 |
| (-) ആദായ നികുതി | 4364 |
| (-) ക്ഷേമനിധി | 4364 |
| ജി.എസ്.ടി | 8728 |
| കരാറുകാരന് അർഹതപ്പെട്ട തുക | 418952 |

ടി ബിൽ തുകയിൽ നിന്നും ഈടാക്കിയ നികുതിയിനങ്ങൾ ഒടുക്ക് വരുത്തിയതിന്റെയും പാർട്ട് ബിൽ തുകയിൽ നിന്നുള്ള ആദായ നികുതിയും ക്ഷേമ നിധി ഫണ്ടും ഒടുക്ക് വരുത്തിയതിന്റെയും വിവരം ഓഡിറ്റിന് ലഭ്യമാക്കേണ്ടതാണ്. കൂടാതെ സംയുക്ത പദ്ധതികൾക്കായി ലഭിക്കുന്ന തുക അതിനായി ട്രഷറിയിൽ ആരംഭിച്ചിട്ടുള്ള അക്കൗണ്ടിൽ വരവ് വയ്ക്കേണ്ടതും നിർവ്വഹണോദ്യോഗസ്ഥരുടെ റിക്വസിഷന്റെ അടിസ്ഥാനത്തിൽ തുക അലോട്ട്മെന്റ് ആയി അനുവദിക്കേണ്ടതുമാണ്.

# 1-27 ഓടയ്ക്ക് സ്ലാബ് സ്ഥാപിക്കൽ - ഒബ്സെർവ്ഡ് ഡാറ്റാ തയ്യാറാക്കി നിരക്ക് നിശ്ചയിച്ചതിൽ അപാകത

| പ്രവൃത്തിയുടെ പേര്, പ്രോജക്റ്റ് നമ്പർ | ഗണപതി ക്ഷേത്രപ്പടി ഓടനിർമ്മാണം, കലുങ്ക് കെട്ട്(088/19) |
|---|---|
| അടങ്കൽ തുക | 390000(മെ.ഗ്രാന്റ് റോഡ്ഫണ്ട്) |
| കരാറുകാരൻ | പ്രസന്നകുമാരൻ നായർ |
| ടെണ്ടർ നിരക്ക് | എസ്റ്റിമേറ്റ് നിരക്ക് |
| എം.ബുക്ക് നം. | 55/18-19 |
| പ്രവൃത്തിമൂല്ല്യം | 388564 |
| | |

| | |
|---|---|
| ഫൈനൽ ബിൽ തുക, ബിൽ നം./തീയതി | 388564, 79/18-19/27-03-19 |

ഓടയുടെ മുകളിൽ മുൻകൂട്ടി നിർമ്മിച്ച സ്ലാബ് സ്ഥാപിക്കുന്നതിന് ഓബ്സെർവ്ഡ് ഡാറ്റാ തയ്യാറാക്കി നിരക്ക് നിശ്ചയിച്ചതിൽ അപാകത കാണുന്നു.

ഗണപതി ക്ഷേത്രപ്പടി ഓട നിർമ്മാണം, കലുങ്ക് കെട്ട് എന്ന പ്രവൃത്തിയുടെ ഒന്നാം ഭാഗത്തിലെ ഒമ്പതാം ഇനമായി ഓടയുടെ മുകളിൽ മുൻകൂട്ടി നിർമ്മിച്ച സ്ലാബ് സ്ഥാപിക്കുന്നതിന് ഒബ്സർവ്ഡ് ഡാറ്റയുടെ അടിസ്ഥാനത്തിൽ ഒരു സ്ലാബിന് 616.01 രൂപ നിരക്കിൽ 10 സ്ലാബ് സ്ഥാപിച്ചതിന് 6160.10 രൂപ നൽകിയിട്ടുണ്ട്.

ടി പ്രവൃത്തിക്കുവേണ്ടി തയ്യാറാക്കിയ ഒബ്സെർവ്ഡ് ഡാറ്റാ (od 190827/2018-19) യുടെ വിശദാംശം ചുവടെ ചേർക്കുന്നു.

| ഇനം | നിരക്ക് |
|---|---|
| ഒരു ദിവസം ഒരു സ്ലാബ് പിടിച്ചിടുന്നതിന്റെ കൂലി(കോഡ് 115) | 368 |
| (+) വാട്ടർ ചാർജ് @1% | 3.68 |
| (+) CP OH @15% | 55.75 |
| കോസ്റ്റ് ഇന്റെക്സ് @44.12% | 188.58 |
| ആകെ | 616.01 |

പ്രസ്തുത ഒബ്സെർവ്ഡ് ഡാറ്റായിൽ സ്ലാബിന്റെ നീളം, വീതി, കനം എന്നിവ സംബന്ധിച്ച വിശദാംശങ്ങൾ ഉൾപ്പെടുത്തിയിട്ടില്ല. ഒരാൾ ഒരു ദിവസം ഒരു സ്ലാബ് സ്ഥാപിക്കുന്നു എന്ന രീതിയിലാണ് തുക അനുവദിച്ചിട്ടുള്ളത്. ഡാറ്റയിലെ കൃത്യമായ വിവരങ്ങളുടെ അഭാവത്തിൽ നൽകിയ തുകയുടെ കൃത്യത ഉറപ്പാക്കാൻ കഴിഞ്ഞിട്ടില്ല. ആയതിനാൽ ടി നിരീക്ഷണ ഡേറ്റയുടെ സാങ്കേതികത പരിശോധനാവിധേയമാക്കി അറിയിക്കേണ്ടതാണ്. ഇതുമായി ബന്ധപ്പെട്ട് 25.1.2020 ന് 14 നമ്പറായി അസി. എൻജിനീയറിനു നൽകിയ ഓഡിറ്റന്വേഷണത്തിന് മറുപടി ലഭ്യമാക്കിയില്ല.

## 1-28 ഗുണഭോക്തൃസമിതി മുഖേന നടപ്പാക്കിയ മരാമത്ത് പ്രവൃത്തി-ചെലവിന് ആധാരമായ രേഖകളില്ല.

അസിസ്റ്റന്റ് എഞ്ചിനീയർ നിർവ്വഹണ ഉദ്യോഗസ്ഥനായി 2016-17 ലെ വാർഷിക പദ്ധതിയിൽ ആവിഷ്കരിച്ച്, 2017-18 ൽ എഗ്രിമെന്റ് വച്ചിട്ടുള്ളതും, ഗുണഭോക്തൃസമിതി മുഖേന നടപ്പാക്കിയതുമായ താഴെപ്പറയുന്ന മരാമത്ത് പ്രവൃത്തി സംബന്ധിച്ചുള്ള ചെലവിനാധാരമായ രേഖകൾ ലഭ്യമാക്കാതെ ഫൈനൽ ബിൽ തുക നൽകിയ നടപടി ക്രമവിരുദ്ധമാണ്.

| പ്രവൃത്തിയുടെവിശദാംശം | പ്രവൃത്തിമൂല്ല്യ തുക | കൺവീനർക്ക് നൽകിയ തുക | ബിൽ നം./ തീയതി |
|---|---|---|---|
| തേറകം നിൽക്കുന്നതിൽ (S0152/17, 1369/18, 130/19)<br>അടങ്കൽ:- 200000/-(DF.SCP)<br>കൺവീനർ:- നാരായണൻ,വെള്ളാരം കുന്നിൽ തെക്കേതിൽ<br>എം.ബുക്ക്:- 44/17-18 | 199731 | 185750 | 6/18-19/21-05-18<br>199731/- |

അസിസ്റ്റന്റ് എഞ്ചിനീയറും ഗുണഭോക്തൃസമിതിയും തമ്മിലേർപ്പെട്ട കരാറിലെ വ്യവസ്ഥകൾ അനുസരിച്ചും ഗുണഭോക്തൃസമിതി മുഖേന നടപ്പാക്കുന്ന മരാമത്ത് പ്രവൃത്തികൾ സംബന്ധിച്ചുള്ള സർക്കാർ മാർഗ്ഗ നിർദ്ദേശമനുസരിച്ചും, എസ്റ്റിമേറ്റ് തുകയോ പ്രവൃത്തിമൂല്ല്യ തുകയോ, ഗുണഭോക്തൃസമിതിക്ക് യഥാർത്ഥത്തിൽ ചെലവായ തുകയോ ഏതാണ് കുറവ് ആ തുകയ്ക്ക് മാത്രമാണ് അർഹതയുള്ളത്. എന്നാൽ ഗുണഭോക്തൃസമിതി

വാങ്ങിയ നിർമ്മാണ സാമിഗ്രികളുടെ അസ്സൽ ബിൽ, പ്രവൃത്തിക്ക് വേണ്ടി നിയോഗിച്ച വിവിധ വിഭാഗം തൊഴിലാളികൾക്ക് വേതനം നൽകിയതിന്റെ മസ്റ്റർ റോൾ എന്നീ ചെലവിനാധാരമായ രേഖകൾ പരിശോധനയ്ക്ക് ലഭ്യമാക്കിയില്ല. ചെലവിനാധാരമായ രേഖകൾ വാങ്ങി സൂക്ഷിക്കാതെയും പരിശോധനാവിധേയമാക്കാതെയുമാണ് ഫൈനൽ ബിൽ തുക നൽകിയത് എന്ന് വ്യക്തമാകുന്നു. ഇത് ചട്ടങ്ങളുടെ ലംഘനമാണ്. മാത്രമല്ല കൺവീനറുടെയും ചെയർമാന്റെയും പേരിൽ സംയുക്ത ബാങ്ക് അക്കൗണ്ട് തുടങ്ങുകയും ചെയ്തിട്ടില്ല. ആയതിനാൽ കൺവീനർക്ക് നൽകിയ തുകയുടെ കൃത്യത ഓഡിറ്റിൽ പരിശോധനാ വിധേയമാക്കുന്നതിന് കഴിഞ്ഞിട്ടില്ല. ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (20/30.01.2020) അസി. എൻജിനീയർ മറുപടി ലഭ്യമാക്കിയില്ല. ഇതിൽ നിന്നും 185750/-രൂപ ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

## 1-29 റീടാറിംഗ് പ്രവൃത്തിയുടെ ബില്ലിൽ നിന്നും കാലി ബാരൽ വില, ജി.എസ്.ടി എന്നിവ കുറവ് ചെയ്തില്ല- വകയിരുത്തിയ ഫണ്ടിനും സർക്കാർ ഫണ്ടിനും നഷ്ടം

അസി. എഞ്ചിനീയർ നിർവ്വഹണ ഉദ്യോഗസ്ഥനായി 2018-19 വർഷം സ്പിൽ ഓവറായി നടപ്പാക്കിയ താഴെ പറയുന്ന റീടാറിംഗ് പ്രവൃത്തിയുടെ ഫൈനൽ ബില്ലിൽ നിന്നും കാലി ബാരൽ വില കുറവ് ചെയ്തിട്ടില്ല. MORD സ്പെസിഫിക്കേഷൻ അനുസരിച്ച് ഡാറ്റ തയ്യാറാക്കിയിട്ടുള്ളതിൽ പായ്ക്ക്ഡ് ബിറ്റുമിന്റെ വില ഉൾപ്പെടുത്തിയ സാഹചര്യത്തിൽ കരാറുകാരൻ നേരിട്ട് ടാർ വാങ്ങിയാൽത്തന്നെയും കാലി ബാരൽ തദ്ദേശ സ്ഥാപനത്തിലേക്ക് തിരിച്ച് ഏൽപ്പിക്കുന്നതിന് ബാധ്യസ്ഥനാണ്. ബാരൽ തിരിച്ചേൽപ്പിക്കാത്ത സാഹചര്യത്തിൽ ഫൈനൽ ബില്ലിൽ നിന്നും കാലി ബാരൽ വില കുറവ് ചെയ്യേണ്ടതായിരുന്നു. റീടാറിംഗ് പ്രവൃത്തിയുടെ ഫൈനൽ ബില്ലിൽ നിന്നും കാലി ബാരൽ വിലയായി ബാരലൊന്നിന് 238/- രൂപ നിരക്കിലും ആയതിന്റെ ജി.എസ്.ടി 18% നിരക്കിലും കുറവ് ചെയ്യാതിരുന്നതു മൂലം ഉണ്ടായനഷ്ടത്തിന്റെ വിവരം ചുവടെ ചേർക്കുന്നു.

| ക്രമനം. | പ്രവൃത്തിയുടെ വിശദാംശം | കാലി ബാരലിന്റെ എണ്ണം | ഈടാക്കേണ്ടിയിരുന്ന | |
|---|---|---|---|---|
| | | | ബാരൽ വില @238/E | ജി.എസ്.ടി @18% |
| 1. | കാര്യത്തിൽ പടിഞ്ഞാറ്റേതിൽപ്പടി ഉഴവത്തിൽ പടി പൊന്നേരി തെക്കേതിൽ റോഡ് റീടാറിംഗ്(90/19)<br>അടങ്കൽ : 490000(MGR)<br>കരാറുകാരൻ: പ്രസാദ്.കെ.വി<br>പ്രവൃത്തിമൂല്ല്യം : 489867<br>ബിൽ നം./ തീയതി തുക<br>73/18-19/20-03-19 489867/- | 27 | 5712 | 1028 |
| | ആകെ | 27 | 5712 | 1028 |

ടി പ്രവൃത്തിക്ക് വകയിരുത്തിയ ഫണ്ട് മെയിന്റനൻസ് ഗ്രാന്റ് ആയതിനാൽ ബാരൽ വില ഈടാക്കാഞ്ഞതുമൂലം പ്രസ്തുത ഫണ്ടിനുണ്ടായ നഷ്ടവും ജി.എസ്.ടി ഇനത്തിൽ സംസ്ഥാന സർക്കാരിനുണ്ടായ നഷ്ടവും ബന്ധപ്പെട്ട കരാറുകാരനിൽ നിന്നും ഈടാക്കി യഥാക്രമം കൺസോളിഡേറ്റഡ് ഫണ്ടിലേക്കും ചരക്ക് സേവന നികുതി വകുപ്പിലേക്കും ഒടുക്ക് വരുത്തേണ്ടതായിരുന്നു. ടി നഷ്ടം ശ്രദ്ധയിൽപ്പെടുത്തിക്കൊണ്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (17/29-01-2020) അസി. എഞ്ചിനീയർ ലഭ്യമാക്കിയ മറുപടിയിൽ കാലി ബാരലിന്റെ വില ബന്ധപ്പെട്ട കരാറുകാരിൽ നിന്നും ഈടാക്കി അടവാക്കുന്നതാണെന്ന് അറിയിച്ചു. ബാരൽ വിലയിനത്തിൽ ഫൈനൽ ബിൽ തുകയിൽ നിന്നും കുറവ് ചെയ്യാതെ കരാറുകാർക്ക് നൽകിയ 5712/- രൂപ തടസ്സപ്പെടുത്തുന്നു. ജി.എസ്.ടി. ഇനത്തിലുള്ള 1028/- രൂപ ബന്ധപ്പെട്ട കരാറുകാരിൽ നിന്നും ഈടാക്കി ഒടുക്കേണ്ടതാണ്.

## 1-30 സർക്കാർ മാർഗ്ഗ നിർദ്ദേശങ്ങൾക്ക് വിരുദ്ധമായി ധനകാര്യ കമ്മീഷൻ ഗ്രാന്റ് ചെലവഴിച്ചു

തദ്ദേശ സ്ഥാപനങ്ങൾക്ക് വാർഷിക പദ്ധതി തയ്യാറാക്കുന്നതിനായി സ.ഉ(എം.എസ്.) 4/206/ത.സ്വ.ഭ.വ. തീ. 11.01.16 സർക്കാർ പുറപ്പെടുവിച്ച മാർഗ്ഗരേഖ അനുസരിച്ച് തദ്ദേശ സ്ഥാപനങ്ങളുടെ നിയന്ത്രണത്തിലുള്ള റോഡുകളുടെ സംരക്ഷണം, പരിപാലനം, സാമൂഹ്യ ആസ്തികളുടെ സംരക്ഷണം, പരിപാലനം എന്നിവയ്ക്ക് പതിനാലാം ധനകാര്യ കമ്മീഷൻ ഗ്രാന്റ് വിനിയോഗിക്കാവുന്നതാണ്. എന്നാൽ ഇതിനു വിരുദ്ധമായി റോഡ് കോൺക്രീറ്റിംഗിന് പ്രസ്തുത ഗ്രാന്റ് വകയിരുത്തി അസി.എഞ്ചിനിയർ നിർവ്വഹണ ഉദ്യോഗസ്ഥനായി പ്രോജക്റ്റ് ആവിഷ്കരിച്ച് നടപ്പാക്കിയിട്ടുണ്ട്. 18-09-17 ലെ ഡി.എ1/ 672/2017/ തസ്വഭവ ഉത്തരവ് പ്രകാരം ധനകാര്യ കമ്മീഷൻ ഗ്രാന്റ് വിനിയോഗിച്ച് റോഡ് കോൺക്രീറ്റിംഗ് ഏറ്റെടുക്കണമെങ്കിൽ ആയത് അനിവാര്യമാണെന്ന് അസി.എഞ്ചിനീയർ സാക്ഷ്യപ്പെടുത്തി പ്രത്യേകിച്ച് റിക്വസ്റ്റ് ചെയ്യേണ്ടതായിട്ടുണ്ട്. എന്നാൽ അത്തരത്തിൽ യാതൊരു റിക്വസ്റ്റും ഇല്ലാതെ ധനകാര്യ കമ്മീഷൻ ഗ്രാന്റ് വിനിയോഗിച്ച് നടപ്പാക്കിയ 22 കോൺക്രീറ്റിംഗ് പ്രവൃത്തികൾക്ക് 40,45,835 രൂപ ചെലവഴിച്ചിട്ടുണ്ട്.

സർക്കാർ മാർഗ്ഗ നിർദ്ദേശങ്ങൾക്ക് വിരുദ്ധമായി പതിനാലാം ധനകാര്യ കമ്മീഷൻ ഗ്രാന്റ് ഇനത്തിൽനിന്നും തുക ചെലവഴിച്ചതിന് വിശദീകരണം ലഭ്യമാക്കേണ്ടതാണ്. തുടർ നടപടികൾക്കായി ഭരണവകുപ്പിന്റെ ശ്രദ്ധയിൽപ്പെടുത്തുന്നു.

## 1-31 പ്രവൃത്തികൾ ഗുണമേന്മാ പരിശോധനയ്ക്ക് വിധേയമാക്കുന്നില്ല

തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലെ എൽ.എസ്.ജി.ഡി വിഭാഗം മുഖേന നിർവ്വഹിക്കുന്ന മരാമത്ത് പ്രവൃത്തികൾ ഒരു ഘട്ടത്തിൽ പോലും ഗുണമേന്മാ പരിശോധനയ്ക്ക് വിധേയമാക്കുന്നില്ല എന്നത് പ്രവൃത്തിയുടെ നിർവ്വഹണത്തിലെ ഗുരുതരമായ ഒരു പോരായ്മയാണ്. കേരള പൊതുമരാമത്ത് മാന്വലിലെ സെക്ഷൻ - 2103 പ്രകാരം ഓരോ പ്രവൃത്തിയും കൃത്യമായ സ്പെസിഫിക്കേഷൻ അനുസരിച്ചാണോ നിർവ്വഹിക്കുന്നതെന്ന് ഉറപ്പ് വരുത്തേണ്ടതുണ്ട്. ആയതിന് ഫലപ്രദമായ സൂപ്പർവിഷൻ നിർബന്ധമാക്കേണ്ടതും, പ്രവൃത്തിയുടെ ഗുണനിലവാരം പരിശോധനാ വിധേയമാക്കേണ്ടതുമാണ്. ഗുണ പരിശോധനാ ടെസ്റ്റുകളുടെ ലിസ്റ്റ് മുൻകൂട്ടി തയ്യാറാക്കി ടെണ്ടർ രേഖകളോടൊപ്പം ഉൾപ്പെടുത്തേണ്ടതും, ടെസ്റ്റ് റിപ്പോർട്ടുകൾ ഫൈനൽ ബില്ലിനോടൊപ്പം സമർപ്പിക്കേണ്ടതുമാണെന്ന് മാന്വലിൽ നിഷ്കർഷിച്ചിരിക്കുന്നു. മാന്വലിലെ ക്ലോസ് - 2401. 2406 എന്നിവ പ്രകാരം 3 – Tier Quality Monitoring System സർക്കാർ പൊതുമരാമത്ത് വകുപ്പിൽ നിർബന്ധമാക്കിയിട്ടുണ്ട്. GO(Rt) 469/2013/PWD/ തീയതി 30-03-2013-ാം നമ്പർ ഉത്തരവ് പ്രകാരം പി.ഡബ്ല്യൂ.ഡി.യിൽ ക്വാളിറ്റി കൺട്രോൾ സിസ്റ്റം നടപ്പാക്കിയിട്ടുണ്ട്. എൽ.എസ്.ജി.ഡി മുഖേനയുള്ള പ്രവൃത്തികൾക്കും ക്വാളിറ്റി കൺട്രോൾ ടെസ്റ്റ് നടത്തേണ്ടതാണെന്ന് സർക്കാരിന്റെ നിർദ്ദേശം ഉണ്ടായിട്ടുണ്ട്. കേരള പഞ്ചായത്തീരാജ്/കേരള മുൻസിപ്പാലിറ്റി (പൊതുമരാമത്ത് നടപടികളുടെ നടത്തിപ്പ്) ചട്ടങ്ങളിലെ (1997) ചട്ടം 18 അനുസരിച്ച് മരാമത്ത് ചട്ടങ്ങളിൽപ്പറഞ്ഞിട്ടില്ലാത്ത കാര്യങ്ങളിൽ പൊതുമരാമത്ത് വകുപ്പിലുള്ള നടപടിക്രമങ്ങൾ പാലിക്കണമെന്ന് നിർദ്ദേശിച്ചിട്ടുണ്ട്. പൊതുമരാമത്ത് മാനുവൽ എൽ.എസ്.ജി.ഡി യ്ക്ക് ബാധകമാണ്. പ്രസ്തുത ഉത്തരവിന്റെയും മാന്വലിന്റെയും അടിസ്ഥാനത്തിൽ പ്രവൃത്തികളുടെ ഗുണനിലവാരം ഉറപ്പ് വരുത്തുന്നതിനാവശ്യമായ ലാബ് ടെസ്റ്റുകൾ മറ്റ് പരിശോധനകൾ എന്നിവയ്ക്കാവശ്യമായ ചെലവുകൾ കരാറുകാർ തന്നെ വഹിക്കേണ്ടതാണെന്ന് ഇ-പ്രോക്വയർമെന്റ് നിർദ്ദേശങ്ങളിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. എന്നാൽ ഇക്കാര്യം കരാർ ഉടമ്പടിയിൽ വ്യവസ്ഥ ചെയ്യിട്ടില്ല. തൻ വർഷം നടപ്പാക്കിയ ഒരു പ്രവൃത്തിയുടെ ഫയലിലിലും പരിശോധന നടത്തിയതിന്റെ രേഖകൾ ഉൾപ്പെടുത്തിയിട്ടില്ല. പൊതുമരാമത്ത് വകുപ്പിൽ ഗുണനിലവാര പരിശോധനയ്ക്ക് പ്രത്യേകം ലാബ് സൗകര്യങ്ങളും ഉപകരണങ്ങളും പ്രവർത്തന സജ്ജമായിട്ടും എൽ.എസ്.ജി.ഡി വിഭാഗം ഈ വിഷയത്തിൽ യാതൊരു താത്പര്യവും കാണിക്കുന്നില്ല. പരിശോധനയ്ക്ക് ആവശ്യമായ ഉപകരണങ്ങൾ ജില്ലാ പഞ്ചായത്തിൽ വാങ്ങി സൂക്ഷിച്ചിട്ടുണ്ടെങ്കിലും പ്രവർത്തന സജ്ജമാക്കിയിട്ടില്ലെന്നുള്ള കാര്യം ശ്രദ്ധേയമാണ്. MORTH, MORD മുതലായ സ്പെസിഫിക്കേഷനുകൾ പ്രകാരമുള്ള ഉയർന്ന നിരക്കുകൾ മരാമത്ത് പ്രവൃത്തികൾക്ക് അനുവദിക്കുമ്പോൾ സ്പെസിഫിക്കേഷൻ പ്രകാരം പ്രവൃത്തികൾ നിർവ്വഹിക്കുന്നുണ്ടോ എന്ന് പരിശോധിക്കേണ്ടത് അനിവാര്യമാണ്. തദ്ദേശ സ്ഥാപനത്തിലെ വികസന സ്റ്റാന്റിംഗ് കമ്മിറ്റി ഈ വിഷയത്തിൽ വേണ്ട നിർദ്ദേശം ഭരണസമിതിക്ക് നൽകി ആവശ്യമായ തീരുമാനം കൈക്കൊള്ളേണ്ടതാണ്.

## 1-32 നിർമ്മാണ തൊഴിലാളി ക്ഷേമനിധി വിഹിതം - കളക്ഷൻ ചാർജ് ഈടാക്കിയില്ല

കേരള കെട്ടിട നിർമ്മാണ തൊഴിലാളി ക്ഷേമ നിധി നിയമം അനുസരിച്ച് പൊതുമരാമത്ത് പ്രവൃത്തികളുടെ ബില്ലിൽ നിന്നും പ്രവൃത്തിമൂല്ല്യത്തിന്റെ ഒരു ശതമാനം തുക നിർമ്മാണ തോഴിലാളി ക്ഷേമ നിധി ഫണ്ട് ആയി ഈടാക്കേണ്ടതാണ്. പ്രസ്തുത നിയമത്തിലെ സെക്ഷൻ 3(3) അനുസരിച്ച് പൊതുമരാമത്ത് പ്രവൃത്തികളുടെ ബില്ലിൽ നിന്നും ഈടാക്കുന്ന ക്ഷേമ നിധി ഫണ്ടിന്റെ ഒരു ശതമാനം തുക കളക്ഷൻ ചാർജ് ഇനത്തിൽ തദ്ദേശ സ്ഥാപനത്തിന്റെ ഫണ്ടിലേക്ക് മുതൽ കൂട്ടാവുന്നതാണ്. ബാക്കിയുള്ള 99% തുക മാത്രം ക്ഷേമ നിധി ബോർഡ് സെക്രട്ടറിയുടെ അക്കൗണ്ടിലേക്ക് ഒടുക്കിയാൽ മതിയാകും. അസി. എഞ്ചിനീയർ നിർവ്വഹണ ഉദ്യോഗസ്ഥനായി ഓമല്ലൂർ ഗ്രാമ പഞ്ചായത്തിൽ 2018-19 വർഷം നടപ്പാക്കിയ മരാമത്ത് പ്രവൃത്തികളുടെ ബില്ലിൽ നിന്നും പിടിച്ച ക്ഷേമ നിധി വിഹിതത്തിന് കളക്ഷൻ ചാർജ് ഈടാക്കാതെയാണ് ക്ഷേമ നിധി ബോർഡ് സെക്രട്ടറിയുടെ അക്കൗണ്ടിലേക്ക് ഒടുക്കിയിട്ടുള്ളത്. തൻവർഷം നിർമ്മാണ തൊഴിലാളി ക്ഷേമനിധി ഫണ്ട് ഇനത്തിൽ മരാമത്ത് പ്രവർത്തികളുടെ ബില്ലിൽ നിന്നും പിടിച്ച് ബോർഡ് സെക്രട്ടറിയുടെ അക്കൗണ്ടിലേക്ക് ഒടുക്കിയിട്ടുള്ള തുകയുടെ വിവരം അസി.എഞ്ചിനീയർ ലഭ്യമാക്കിയില്ല. ഈടാക്കിയ തുകയുടെ ഒരു ശതമാനം തുക കളക്ഷൻ ചാർജായി ഈടാക്കി തനത് വരുമാനം വർദ്ധിപ്പിക്കാമായിരുന്നു. കളക്ഷൻ ചാർജ് ഈടാക്കാതിരുന്നതിന് വിശദീകരണം ആവശ്യപ്പെട്ടുകൊണ്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (09/21-01-2020) ലഭ്യമാക്കിയ മറുപടിയിൽ നാളിതുവരെ കളക്ഷൻ ചാർജ് ഈടാക്കിയിട്ടില്ലാത്തതായി അസി. എഞ്ചിനീയർ അറിയിച്ചു. ഭാവിയിൽ കളക്ഷൻ ചാർജ് ഈടാക്കുന്നതിന് നടപടി സ്വീകരിക്കേണ്ടതാണ്. ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിയുടെയും ഭരണസമിതിയുടെയും ശ്രദ്ധ ഈ വിഷയത്തിലേക്ക് ക്ഷണിക്കുന്നു.

## 1-33 കരാർ കാലാവധി ദീർഘിപ്പിച്ച് നൽകിയിട്ടില്ലാത്ത പ്രവൃത്തികൾക്ക് ലികിഡേറ്റഡ് ഡാമേജ് ഈടാക്കിയില്ല

നിശ്ചിത സമയ പരിധിക്കുള്ളിൽ പൂർത്തീകരിക്കാത്ത പ്രവൃത്തികൾക്ക് ഫൈൻ ഒടുക്കി പൂർത്തീകരണ കാലാവധി ദീർഘിപ്പിച്ച് നൽകാത്തപക്ഷം കാലവിളംബം ഉണ്ടാകുന്ന ഓരോ ആഴ്ച്ചയ്ക്കും പൊതുമരാമത്ത് മാന്വൽ അനുശാസിക്കുന്ന വിധത്തിൽ ലികിഡേറ്റഡ് ഡാമേജ് ഈടാക്കാതിരുന്ന നടപടി ക്രമവിരുദ്ധം.

ജി.ഒ.പി.13/2012 പി.ഡബ്ല്യു.ഡി/01-02-2012 പ്രകാരമുള്ള കേരള പൊതുമരാമത്ത് മാന്വൽ സെക്ഷൻ 2112 അനുസരിച്ച് പ്രവൃത്തി പൂർത്തീകരിക്കുന്നതിനുള്ള സമയ ദീർഘീകരണം ആദ്യ തവണ ഒറിജിനൽ സമയത്തിന്റെ 25% അല്ലെങ്കിൽ 6 മാസം ഏതാണോ കുറവ് അതിൽ അധികമാകുവാൻ പാടില്ല. കാലാവധി ദീർഘിപ്പിക്കുന്നതിന് ഒറിജിനൽ കാലാവധിക്കുള്ളിൽ അസി.എഞ്ചിനിയർ മുഖേന അപേക്ഷ നൽകേണ്ടതാണ്. അപ്രകാരം അപേക്ഷ നൽകുന്ന പ്രവൃത്തികളിൽ ആദ്യ തവണ പി.എ.സി യുടെ 1% നിരക്കിൽ പരമാവധി 50000/- രൂപയും ആദ്യ തവണക്ക് ശേഷം 2% നിരക്കിലും പരമാവധി 100000/- രൂപ എന്ന ക്രമത്തിലും പിഴ ഈടാക്കേണ്ടതാണ്. പരമാവധി ദീർഘിപ്പിക്കാവുന്ന കാലാവധി ഒറിജിനൽ സമയത്തിന്റെ 50% ആണ്. നിശ്ചിത സമയ പരിധിക്കുള്ളിൽ പ്രവൃത്തി പൂർത്തീകരിക്കുകയോ കാലവിളംബത്തിന് ഫൈൻ ഒടുക്കി സമയം ദീർഘിപ്പിച്ച് വാങ്ങുകയോ ചെയ്യാത്ത പ്രവൃത്തികളിൽ കാല വിളംബം ഉണ്ടാകുന്ന ഓരോ ആഴ്ച്ചക്കും പി.എ.സിയുടെ 0.1% ലികിഡേറ്റഡ് ഡാമേജ് ഈടാക്കണം[സെക്ഷൻ 2116(1)].

അസി. എഞ്ചിനീയർ നിർവ്വഹണ ഉദ്യോഗസ്ഥനായി 2018-19 ൽ നടപ്പാക്കിയതും നിശ്ചിത സമയ പരിധിക്കുള്ളിൽ പൂർത്തീകരിക്കാത്തതും കാലവിളംബത്തിന് ഫൈൻ ഒടുക്കി സമയം ദീർഘിപ്പിച്ച് വാങ്ങാതിരുന്നതുമായ ഏതാനും പ്രവൃത്തികളിൽ, കാലവിളംബത്തിന് ലികിഡേറ്റഡ് ഡാമേജ് ഈടാക്കിയില്ല. വിശദാംശം ചുവടെ ചേർക്കുന്നു.

| ക്രമ നം. | പ്രവൃത്തിയുടെ വിശദാംശം | പി.എ.സി | കാലതാമസം (ആഴ്ച്ച) | ഈടാക്കേണ്ട പിഴ |
|---|---|---|---|---|
| 1 | കണ്ണം തടം റോഡ് സൈഡ് കെട്ട് (56/18, 139/19)<br>അടങ്കൽ : 138500/- | 137867 | 42 | 5790 |

| | | | | |
|---|---|---|---|---|
| | കരാറുകാരൻ : പ്രസാദ്.കെ.വി<br>എഗ്രിമെന്റ് നം./ തീയതി :19/AE/LSGD/OMLR/17-18/19-10-17<br>പ്രവൃത്തിയുടെ കാലാവധി : 3 മാസം<br>ആരംഭിച്ച തീയതി : 19-10-17<br>പൂർത്തീകരിച്ച തീയതി: 12-11-18<br>ഫൈനൽ ബിൽ നം. / തീയതി :49/18-19/28-12-18 137867/- | | | |
| 2 | തൈക്കൂട്ടത്തിൽ പടി മണ്ണാറമല സംരക്ഷണഭിത്തി നിർമ്മാണം(48/18, 138/19)<br>അടങ്കൽ : 155000/-<br>കരാറുകാരൻ : ബിജു ഡാനിയേൽ<br>എഗ്രിമെന്റ് നം./ തീയതി :32/AE/LSGD/OMLR/17-18/31-10-17<br>പ്രവൃത്തിയുടെ കാലാവധി : 3 മാസം<br>ആരംഭിച്ച തീയതി : 31-10-17<br>പൂർത്തീകരിച്ച തീയതി: 16-05-18<br>ഫൈനൽ ബിൽ നം. / തീയതി : 13/18-19/12-07-18 153408/- | 154741 | 15 | 2321 |
| 3 | തേക്കിനാൽപ്പടി തടത്തിൽപ്പടി റോഡ് സംരക്ഷണഭിത്തി നിർമ്മാണം(96/18, 147/19)<br>അടങ്കൽ : 227000/-<br>കരാറുകാരൻ : G.കൃഷ്ണൻ നായർ<br>എഗ്രിമെന്റ് നം./ തീയതി :30/AE/LSGD/OMLR/17-18/31-10-17<br>പ്രവൃത്തിയുടെ കാലാവധി : 3 മാസം<br>ആരംഭിച്ച തീയതി : 31-10-17<br>പൂർത്തീകരിച്ച തീയതി: 09-08-18<br>ഫൈനൽ ബിൽ നം. / തീയതി :39/18-19/23-11-18 148422/- | 226121 | 27 | 6105 |
| | ആകെ | | | 14216 |

ലിക്വിഡേറ്റഡ് ഡാമേജ് ഇനത്തിൽ ഈടാക്കേണ്ടിയിരുന്ന ടി തുക ബന്ധപ്പെട്ട കരാറുകാരിൽ നിന്നും ഈടാക്കാതിരുന്നതിന് വിശദീകരണം ആവശ്യപ്പെട്ടുകൊണ്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (21/31-01-2020) ലഭ്യമാക്കിയ മറുപടിയിൽ, ബന്ധപ്പെട്ട കരാറുകാരിൽ നിന്നും ഈടാക്കുന്നതാണെന്ന് അസി. എഞ്ചിനിയർ അറിയിച്ചു. തുടർ നടപടികൾ സ്വീകരിച്ച് പ്രസ്തുത തുക കരാറുകാരിൽ നിന്നും ഈടാക്കാത്ത പക്ഷം ഉത്തരവാദിയായ ഉദ്യോഗസ്ഥന്റെ ബാധ്യതയായി ചുമത്തുന്ന വിവരം ശ്രദ്ധയിൽപ്പെടുത്തുന്നു.

## 1-34 ഗുണഭോക്തൃസമിതി മുഖേനയുള്ള നടപ്പാക്കിയ മരാമത്ത് പ്രവൃത്തി - ചെലവ് തുക കോൺട്രാക്ടർക്ക് അനുവദിച്ചു. 343039/-രൂപ തടസ്സപ്പെടുത്തുന്നു.

ഗുണഭോക്തൃസമിതി മുഖേന ഗ്രാമ പഞ്ചായത്തിൽ നടപ്പാക്കിയ മരാമത്ത് പ്രവൃത്തിയുടെ ഫൈനൽ ബിൽ തുക കൺവീനർക്ക് നൽകുന്നതിന് പകരം ഗ്രാമ പഞ്ചായത്തിലെ കരാർ പ്രവൃത്തികൾ ഏറ്റെടുത്തു നടപ്പാക്കുന്ന പ്രമുഖ

കരാറുകാരന്റെ അക്കൗണ്ടിലേക്ക് മാറ്റിയിട്ടിട്ടുള്ളത് കൺവീനർ പ്രവൃത്തിയിലെ ബിനാമി ഇടപാടിലേക്ക് വിരൽ ചൂണ്ടുന്നു.

2016-17ലെ വാർഷിക പദ്ധതിയിൽ ഉൾപ്പെടുത്തിയ പോരുനെല്ലിപ്പടി കുഴിമുറിയിൽപ്പടി റോഡിൽ കലുങ്ക് നിർമ്മാണം എന്ന പ്രവൃത്തി ശ്രീ.ജോസ്.സി.ജോർജ്ജ് കൺവീനറായുള്ള ഗുണഭോക്തൃസമിതി 31-03-17 ൽ കരാറിലേർപ്പെട്ട് നിർവ്വഹണം ഏറ്റെടുത്തു. മെയിന്റനൻസ് ഗ്രാന്റ് റോഡ് ഫണ്ടിനത്തിൽ 370327/- രൂപയാണ് വകയിരുത്തിയിട്ടുള്ളത്. റോഡിന്റെ അറ്റകുറ്റപ്പണികൾക്ക് വിനിയോഗിക്കേണ്ട പ്രസ്തുത ഗ്രാന്റ് കലുങ്ക് നിർമ്മാണത്തിന് വകയിരുത്തിയത് സർക്കാർ മാർഗ്ഗ നിർദ്ദേശങ്ങൾക്ക് വിരുദ്ധമാണ്. 21-06-17 ൽ സ്പിൽ ഓവറായാണ് പ്രസ്തുത പ്രവൃത്തി പൂർത്തീകരിച്ചിട്ടുള്ളത്. 38/17-18 ാം നം. അളവ് പുസ്തക പ്രകാരം 364934/-രൂപ പ്രവൃത്തിമൂല്ല്യം കണക്കാക്കി വാറ്റ്, ക്ഷേമ നിധി ഫണ്ട്, ആദായ നികുതി എന്നിവ കുറവ് ചെയ്ത്, ഫൈനൽ ബിൽ പ്രകാരം കൺവീനർക്ക് അർഹതപ്പെട്ട തുക 343039/- രൂപയായി കണക്കാക്കിയിട്ടുണ്ട്. 2/18-19/26-05-18ാം നം. ട്രഷറി ബിൽ പ്രകാരം 364934/- രൂപ മാറിയിട്ടുള്ളതിൽ 18247 രൂപ വാറ്റിനത്തിലും 3649 രൂപ ആദായ നികുതി ഇനത്തിലും 3649 രൂപ ക്ഷേമ നിധി ഫണ്ടിനത്തിലും 343039 രൂപ ഗ്രാമപഞ്ചായത്തിലെ പ്രവൃത്തികൾ ഏറ്റെടുത്ത് നടപ്പാക്കുന്ന കരാറുകാരനായ ശ്രീ.ബിജു ഡാനിയേൽ, അരീക്കത്തറയിൽ, വാഴമുട്ടം എന്നയാളുടെ എസ്.ബി.ഐ അക്കൗണ്ടിലേക്കും ട്രാൻസ്ഫർ ചെയ്തിട്ടുള്ളതായി കണ്ടു (അക്കൗണ്ട് നം.57029683561, IFSC SBIN0070331). ഇത് കൃത്രിമമായി ചമച്ച രേഖകളാണെന്നും ഇതിന്റെ അടിസ്ഥാനത്തിൽ കൺവീനർ പ്രവൃത്തി, ബിനാമി ഇടപാടിൽ, കരാറുകാരൻ മുഖേന നടപ്പാക്കിയതാണെന്നും ഓഡിറ്റ് വിലയിരുത്തുന്നു(ഗുണഭോക്തൃസമിതി ചെലവഴിച്ച തുക 421907/- രൂപയാണെന്ന് മിനിട്ട്സിൽ രേഖപ്പെടുത്തുകയും ആയതിനുള്ള ബിൽ/വൗച്ചർ/മസ്റ്റർ റോൾ എന്നിവ ഹാജരാക്കുകയും ചെയ്തിട്ടുണ്ട്). 13-11-14 ലെ 1/1559/സി.ഇ/ത.സ്വ.ഭ.വ നമ്പർ സർക്കുലറിൽ, ഗുണഭോക്തൃസമിതി വഴി മരാമത്ത് പ്രവൃത്തി നടത്തുന്നതിനുള്ള വിശദമായ നിർദ്ദേശം സർക്കാർ പുറപ്പെടുവിച്ചിട്ടുണ്ട്. ഗുണഭോക്തൃസമിതി പ്രവൃത്തികളിൽ ബിനാമി ഇടപാട് പാടില്ലാത്തതും ബിനാമി ഇടപാട് വെളിപ്പെടുന്ന പക്ഷം കൺവീനറുമായുള്ള കരാർ റദ്ദാക്കി ഗുണഭോക്തൃസമിതിയുടെ നഷ്ടോത്തരവാദിത്വത്തിൽ പഞ്ചായത്ത് പദ്ധതി പൂർത്തീകരിക്കേണ്ടതാണെന്നും നിർദ്ദേശിച്ചിട്ടുണ്ട്. എന്നാൽ പ്രസ്തുത നിർദ്ദേശം കണക്കിലെടുക്കാതെ കരാറുകാരനെക്കൊണ്ട് പ്രവൃത്തി നടപ്പാക്കിയതിന് സമിതിക്കെതിരെ യാതൊരു നടപടിയും പഞ്ചായത്ത് സ്വീകരിച്ചിട്ടില്ലെന്നു മാത്രമല്ല കരാറുകാരന്റെ അക്കൗണ്ടിലേക്ക് തന്നെ ഫൈനൽ ബിൽ തുക നൽകുകയും ചെയ്തു. ഇത് സംബന്ധിച്ച് വിശദീകരണം ആവശ്യപ്പെട്ടുകൊണ്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക്(19/30-01-2020) നിർവ്വഹണ ഉദ്യോഗസ്ഥ മറുപടി ലഭ്യമാക്കുകയും ചെയ്തില്ല. ഈ സാഹചര്യത്തിൽ കരാറുകാരന് നൽകിയ 343039/- രൂപ ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

## 1-35 വി.ഇ.ഒ നിർവ്വഹണം നടത്തിയ പദ്ധതികളുടെ മോണിട്ടറിംഗ് നടത്തുന്നില്ല

സ്വന്തമായി ഭൂമിയുള്ള ഭവനരഹിതർക്ക് വാസയോഗ്യമായ വീട് നിർമ്മിക്കുന്നതിന് വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ നിർവ്വഹണഉദ്യോഗസ്ഥനായി പദ്ധതി ആവിഷ്കരിച്ച് നടപ്പാക്കിയിട്ടുണ്ട്. വിശദാംശം ചുവടെ ചേർക്കുന്നു.

| പ്രോജക്റ്റിന്റെ പേര് | വകയിരുത്തിയ തുക | ചെലവഴിച്ച തുക |
|---|---|---|
| ലൈഫ് ഭവന നിർമ്മാണ പദ്ധതി (ജനറൽ)<br>പ്രോ.നം-70/19 | 5200000 | 4189900 |
| ലൈഫ് ഭവന നിർമ്മാണ പദ്ധതി (എസ്.സി.പി)<br>പ്രോ.നം-69/19 | 1600000 | 1520000 |

പദ്ധതിയുടെ ഭാഗമായി ജനറൽ, എസ്.സി വിഭാഗത്തിനായി ആകെ 17 വീടുകൾ നിർമ്മിക്കുന്നതിന് ആനുകൂല്യം നൽകിയിട്ടുണ്ട്. എന്നാൽ ഭവനനിർമ്മാണത്തിന്റെ ഓരോ ഘട്ടത്തിലും പദ്ധതി മോണിട്ടറിംഗിന് വിധേയമാക്കുന്നില്ല. മോണിട്ടറിംഗ് സമിതിയുടെ റിപ്പോർട്ട് ഇല്ലാതെയാണ് 2018-19 വർഷം നിർമ്മാണം പൂർത്തിയാക്കിയ വീടുകൾക്ക് ധനസഹായം നൽകിയിട്ടുള്ളത്. 2019-20 സാമ്പത്തിക വർഷം എല്ലാ വീടുകളുടെയും നിർമ്മാണം പൂർത്തിയാക്കി ഗുണഭോക്താക്കൾ അവസാന ഗഡു കൈപ്പറ്റിയത് നിർവ്വഹണഉദ്യോഗസ്ഥന്റെ സ്ഥലപരിശോധന റിപ്പോർട്ട് മാത്രം അടിസ്ഥാനമാക്കിയാണ്. ആയത് പദ്ധതി നിർവ്വഹണ മാർഗ്ഗരേഖയിലെ നിർദ്ദേശങ്ങൾക്ക് വിരുദ്ധമാണ്. പദ്ധതി രൂപീകരണത്തിനുശേഷം വർക്കിംഗ് ഗ്രൂപ്പുകൾ മോണിട്ടറിംഗ് സമിതികളായി പ്രവർത്തിക്കേണ്ടതാണെന്ന് പദ്ധതി ആസൂത്രണ നിർവ്വഹണ മാർഗ്ഗരേഖയിൽ വ്യക്തമാക്കിയിട്ടുണ്ട്.

നിർമ്മാണ പ്രവൃത്തികൾക്ക് അയൽസഭപോലുള്ള ജനകീയസഭകളെ ഉൾപ്പെടുത്തി പ്രാദേശിക മോണിട്ടറിംഗ് നിർബന്ധമായും നടത്തേണ്ടതും പദ്ധതി നിർവ്വഹണം പൂർത്തിയാകുമ്പോൾ കൈവരിച്ച നേട്ടങ്ങളും ഭൗതിക ലക്ഷ്യങ്ങളും പ്രതിപാദിച്ച് പൂർത്തീകരണ പത്രം നിർവ്വഹണഉദ്യോഗസ്ഥൻ തയ്യാറാക്കേണ്ടതുമാണ്. എന്നാൽ ഈ നിർദ്ദേശം നിർവ്വഹണഉദ്യോഗസ്ഥൻ പാലിച്ചിട്ടില്ല. വിഷയത്തിൽ ഉചിതമായ തുടർനടപടി സ്വീകരിക്കുന്നതിനായി ബന്ധപ്പെട്ട സ്റ്റാന്റിംഗ് കമ്മറ്റിയോടും പഞ്ചായത്ത് ഭരണസമിതിയോടും ശുപാർശ ചെയ്യുന്നു.

# 1-36 മരുന്ന് പൂർണ്ണമായും ലഭിച്ചില്ല

2018-19സാമ്പത്തിക വർഷം മെഡിക്കൽ ഓഫീസർ (പി.എച്ച്.സി.)നിർവ്വഹണ ഉദ്യോഗസ്ഥയായി നടപ്പാക്കിയ പദ്ധതികളുടെ ഭാഗമായി മരുന്നു വാങ്ങുന്നതിനായി കെ.എം.എസ്.സി.എൽ- ൽ മുൻകൂറായി നൽകിയ **700000** രൂപ യിൽ 1,67,990 രൂപയുടെ മരുന്നുകൾ നാളിതുവരെ ലഭിച്ചിട്ടില്ല. വിശദാംശം ചുവടെ ചേർക്കുന്നു.

| ക്രമ നം. | പ്രോജക്ടിന്റെ പേര് | അടച്ച തുക | ലഭ്യമായ മരുന്നിന്റെ വിവരം | ലഭിക്കാൻ ബാക്കിയുള്ളത് |
|---|---|---|---|---|
| 1 | പി.എച്ച്.സി.ക്ക് മരുന്നു വാങ്ങൽ , S030/19 | 300000(Bill no.CBno.2/18-19 dtd 17.07.18) | 269051 | 30949 |
| 2 | സാന്ത്വന പരിചരണം, S0031/19 | 400000(Bill no.CBno.3/18-19 dtd 28.07.18) | 262959 | 137041 |
| | **ആകെ** | **700000** | **532010** | **167990** |

**167990** രൂപയുടെ മരുന്നുകൾ ലഭ്യമാകാതിരിക്കുന്ന സാഹചര്യത്തിൽ ടി വിഷയത്തിൽ ഭരണസമിതിയുടെയും ആരോഗ്യ വിദ്യാഭ്യാസ സ്റ്റാന്റിംഗ് കമ്മിറ്റിയുടെയും അടിയന്തിര ഇടപെടൽ ഉണ്ടാകേണ്ടതാണ്. പാലിയേറ്റീവ് കെയർ പ്രോജക്ടിൽ രോഗികൾക്ക് ഏറ്റവും അവശ്യവും അത്യന്താപേക്ഷിതവുമായ മരുന്നുകൾ സമയബന്ധിതമായി ലഭ്യമാക്കുന്നതിന് ഭരണസമിതിയും നിർവ്വഹണ ഉദ്യോഗസ്ഥനും തുടർനടപടികൾ സ്വീകരിക്കേണ്ടതാണ്.

# 1-37 അഗതിരഹിത കേരളം പദ്ധതിക്ക് മതിയായ തുക വകയിരുത്തിയില്ല

അശരണരും നിരാലംബരുമായ മുഴുവൻ അഗതികുടുംബങ്ങളെയും പുനരധിവസിപ്പിക്കുന്നതിനായി തദ്ദേശ സ്ഥാപനങ്ങൾ വഴി നടപ്പാക്കുന്ന അഗതിരഹിത കേരളം പദ്ധതിക്കായി ഗ്രാമപ്പഞ്ചായത്ത് മതിയായ തുക വകയിരുത്തിയില്ല. 2018-19 സാമ്പത്തിക വർഷം 2 ലക്ഷം രൂപ മാത്രമാണ് ടി പദ്ധതി പ്രകാരം കുടുംബശ്രീക്ക് കൈമാറിയിട്ടുള്ളത്. ഭവനരഹിതരായ 11 കുടുംബങ്ങളും വാസയോഗ്യമായ വീടില്ലാത്ത 21 കുടുംബങ്ങളും ഉൾപ്പെടെ 102 കുടുംബങ്ങൾ അംഗീകൃത പദ്ധതിയിൽ ഉൾപ്പെട്ടിട്ടുണ്ട്. ഭവനനിർമ്മാണത്തിന് 4 ലക്ഷം രൂപ വീതം 11 കുടുംബങ്ങൾക്ക് 44 ലക്ഷം രൂപയും, ഭവനപുനരുദ്ധാരണത്തിന് 2 ലക്ഷം രൂപയും ആവശ്യമായിരിക്കെ ഗ്രാമപഞ്ചായത്ത് രണ്ടു ലക്ഷം രൂപ മാത്രം വകയിരുത്തിയത് ഈ പ്രോജക്ടിനോടുള്ള ഗ്രാമപഞ്ചായത്തിന്റെ അവഗണനയ്ക്ക് തെളിവാണ്. അർഹരായ ഗുണഭോക്താക്കൾക്ക് യഥാസമയം ആനുകൂല്യം ലഭിക്കാതെ പോകുന്നു. ആശ്രയ പദ്ധതി ആരംഭിച്ച് ഒരു ദശകം പിന്നിടുമ്പോഴും ഭവനരഹിതരായി ഇപ്പോഴും കുടുംബങ്ങൾ തുടരുന്നു എന്നത് ശുഭകരമല്ല. അഗതിരഹിത കേരളം പദ്ധതിയിൽ ഉൾപ്പെട്ടിട്ടുള്ള കുടുംബങ്ങളുടെ ആവശ്യങ്ങൾക്ക് പ്രധാന്യം നൽകുന്നതിനും മതിയായ തുക വകയിരുത്തി പദ്ധതി ലക്ഷ്യപ്രാപ്തിയിൽ എത്തിക്കുന്നതിനും വേണ്ട നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 1-38 സംയുക്ത പദ്ധതികൾക്ക് ലഭിച്ച തുകയിൽ ചെലവഴിക്കാൻ അവശേഷിക്കുന്ന തുക തനത് ഫണ്ടിൽ നിക്ഷേപിച്ചിരിക്കുന്നു

കേന്ദ്ര സംസ്ഥാന പദ്ധതികൾ, സംയുക്ത പദ്ധതികൾ എന്നിവക്കായി ഗ്രാമപഞ്ചായത്തിന് ലഭിച്ച തുക പൂർണ്ണമായും ചെലവഴിക്കുന്നില്ല. 2018-19 സാമ്പത്തികവർഷം ലഭിച്ച തുകയിൽ 418280 രൂപയും മുൻ വർഷങ്ങളിൽ ലഭിച്ച തുകയിൽ 1717765 രൂപയും ചെലവഴിക്കാൻ അവശേഷിക്കുന്നുണ്ട്. ചെലവഴിക്കാതെ അവശേഷിക്കുന്ന തുക സംയുക്ത പദ്ധതിക്കായി തുടങ്ങിയ അക്കൗണ്ടിൽ സൂക്ഷിക്കാതെ പഞ്ചായത്ത് ഫണ്ടിൽ നിക്ഷേപിച്ചിരിക്കുകയാണ്. ലഭിച്ച തുക അതിന്റെ ഉദ്ദേശ്യലക്ഷ്യങ്ങൾക്കായി ചെലവഴിക്കുകയോ അല്ലാത്തപക്ഷം തിരികെ സഞ്ചിത നിധിയിൽ ഒടുക്കു വരുത്തുകയോ ചെയ്യേണ്ടതാണ്.

# ഭാഗം -2
# വരവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

**[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(1) പ്രകാരമുള്ള ഈ ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]**

## 2-1 വരവ്-ഓഡിറ്റ് നിരീക്ഷണങ്ങൾ

ഭാഗം 1-ൽ ഉൾപ്പെടുത്തിയിട്ടുള്ള വരവ് സംബന്ധമായ ഓഡിറ്റ് നിരീക്ഷണങ്ങളിൽ നിന്നും വ്യക്തമായ നഷ്ടം പരാമർശിക്കുന്നതും, ചാർജ്ജ് നടപടികൾ സ്വീകരിക്കുന്നതിന് അനുയോജ്യമായതുമായ നിരീക്ഷണങ്ങൾ ഇല്ല.

# ഭാഗം -3
# ചെലവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

**[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(2) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]**

## 3-1 ചെലവ്- ഓഡിറ്റ് നിരീക്ഷണങ്ങൾ

ഭാഗം 1-ൽ ഉൾപ്പെടുത്തിയിട്ടുള്ള ചെലവ് സംബന്ധമായ ഓഡിറ്റ് നിരീക്ഷണങ്ങളിൽ നിന്നും വ്യക്തമായ നഷ്ടം പരാമർശിക്കുന്നതും,സർചാർജ്ജ് നടപടികൾ സ്വീകരിക്കുന്നതിന് അനുയോജ്യമായതുമായ നിരീക്ഷണങ്ങൾ ഇല്ല.

# ഭാഗം -4
# പൊതുവിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

## 4-1 വാർഷികധനകാര്യപത്രിക പരിശോധിച്ച് സാക്ഷ്യപത്രം നൽകിയതിന്റെ വിവരം

| വർഷം | സർട്ടിഫിക്കേഷന് കണക്കുകൾ പരിശോധിച്ച തീയതി | സർട്ടിഫിക്കറ്റ് നമ്പർ/തീയതി |
|---|---|---|
| 2018-19 | 10.06.19 | കെ.എസ്.എ.പി.റ്റി.എ പി 1. 602(19)/19 തീയതി 09.07.19 |

## 4-2 സംയുക്തപ്രോജക്ടുകൾക്കു ലഭിച്ച ഫണ്ട് വിനിയോഗം

## സംയുക്തപ്രോജക്ടുകൾക്കു ലഭിച്ച ഫണ്ട് വിനിയോഗം
## സംയുക്തപ്രോജക്ടുകൾക്കു ലഭിച്ച ഫണ്ട് വിനിയോഗം


| വിഹിതം നൽകിയ | തുക ലഭിച്ച | ലഭിച്ച തുക | പ്രൊജക്റ്റിന്റെ പേര് | ചെലവ് | ബാലൻസ് |
|---|---|---|---|---|---|

| സ്ഥാപനം | വർഷം | | | | |
|---|---|---|---|---|---|
| ബ്ലോക്ക് പഞ്ചായത്ത് | 2018-19 | 255000 | നെൽകൃഷി വികസന പദ്ധതി | 41412 | 213588 |
| | | 85000 | പച്ചകൃഷി കൃഷിക്ക് പൂട്ടുകൂലി നൽകൽ | 34034 | 50966 |
| | | 300000 | സാന്ത്വന പരിചരണം | 278474 | 21526 |
| | | 159603 | ലൈഫ് ഭവന നിർമ്മാണം (എസ്.സി.പി) | 79603 | 80000 |
| | | 1078778 | ലൈഫ് ഭവന നിർമ്മാണം(ജനറൽ) | 1078778 | - |
| | | 150000 | ശാരീരിക-മാനസിക വെല്ലുവിളി നേരിടുന്നവർക്ക് സ്കോളർഷിപ്പ് | 123900 | 26100 |
| | | 300000 | പാലിന് സബ്സിഡി | 300000 | - |
| | | 400000 | കാലിത്തീറ്റ വിതരണം | 400000 | - |
| | | 50000 | ആശ്രയ | 50000 | - |
| ജില്ലാ പഞ്ചായത്ത് | 2018-19 | 97067 | ലൈഫ് ഭവന നിർമ്മാണം (എസ്.സി.പി) | 97067 | - |
| | | 337203 | ലൈഫ് ഭവന നിർമ്മാണം(ജനറൽ) | 337203 | |

## 4-3 നിക്ഷേപപ്രവൃത്തികൾക്ക് നല്കുന്ന തുകയുടെ വിവരങ്ങൾ

താഴെ പറയുന്ന സ്ഥാപനങ്ങൾക്ക് ഡെപ്പോസിറ്റ് വർക്കായി പ്രവൃത്തി നടത്തുന്നതിന് 2018-19- ൽ മുൻകൂർ നൽകിയിട്ടുണ്ട്. തുക ചെലവഴിച്ച് പ്രവൃത്തി നടത്തിയതിന്റെയും ബാക്കി തുകയുടെയും വിവരങ്ങൾ താഴെ കൊടുക്കുന്നു.

| നിർവഹണ ഏജൻസി | പ്രവൃത്തിയുടെ പേര് | മുൻകൂർ നൽകിയ തുക | ചെലവഴിച്ച തുക | ചെലവഴിക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|
| കെ.എസ്.ഇ.ബി | വിവിധ വാർഡുകളിൽ സ്ട്രീറ്റ് ലൈൻ എക്സ്റ്റൻഷൻ | 149152 | 52864 (പത്തനംതിട്ട ഡിവിഷൻ) | 96288 (കൈപ്പട്ടൂർ ഡിവിഷൻ) |
| | ഇലക്ട്രിക് പോസ്റ്റ് മാറ്റി സ്ഥാപിക്കൽ | 35881 | 0 | 35881 |
| വാട്ടർ അതോറിറ്റി | വിവിധ അങ്കണവാടികൾക്ക് വാട്ടർ കണക്ഷൻ | 20000 | 0 | 20000 |
| | മഞ്ഞനിക്കര ഗവ.എൽ.പി. സ്കൂളിന് വാട്ടർകണക്ഷൻ | 43000 | 0 | 43000 |

## 4-4 മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ

ഓഡിറ്റ് വർഷം 88,000 രൂപ മൊബിലൈസേഷൻ അഡ്വാൻസായി നൽകിയിട്ടുണ്ട്.

| ക്രമ നം. | കൺവീനറുടെ പേര് | പ്രവൃത്തിയുടെ പേര് | ബിൽ/വൗച്ചർ | തുക | അഡ്ജസ്റ്റ് ചെയ്തത് | ബാക്കി |
|---|---|---|---|---|---|---|
| 1. | അസി. എൻജിനീയർ | തുമ്പൂർമുഴി മാലിന്യ സംസ്കരണ പ്ലാന്റ് | 21800969/2/2/19 | 88000 | -- | 88000 |

# 4-5 വായ്പ / വായ്പ തിരിച്ചടവ്

ഓഡിറ്റ് വർഷം പഞ്ചായത്തിന് വായ്പയിനത്തിൽ 6,69,719 രൂപ വരവുണ്ട്.

| വായ്പയുടെ പേര്/ ഉദ്ദേശ്യം | ഉത്തരവ് നമ്പർ/ തിയ്യതി | വായ്പ തുക | വർഷാരംഭത്തിൽ തിരിച്ചടയ്ക്കാൻ ബാക്കിയുണ്ടായിരുന്ന തുക | തൻവർഷം തിരിച്ചടച്ച തുക | | വർഷാവസാനം തിരിച്ചടയ്ക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|---|
| | | | | മുതൽ | പലിശ | |
| ലൈഫ് ഭവന പദ്ധതി | GO(MS) 100/2018 LSGD തീയതി 30.07.2018 | 6,69,719 | ഇല്ല | ഇല്ല | ഇല്ല | 6,69,719 |

# 4-6 സ്ഥിര നിക്ഷേപം

ഇല്ല

# 4-7 ഓഡിറ്റ് റിക്കവറി

ഇല്ല

# 4-8 സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകൾ

പഞ്ചായത്തിലെ മുൻവർഷ ഓഡിറ്റ് റിപ്പോർട്ടുകളിൽ പരാമർശിച്ചിട്ടുള്ളതും കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം 23-ാം വകുപ്പ് പ്രകാരമുള്ള സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ടതുമായ ഖണ്ഡികകളിൽ, തീർപ്പാക്കാൻ അവശേഷിക്കുന്നവയുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ഓഡിറ്റ് വർഷം | ഖണ്ഡിക നം. | സമാഹൃത റിപ്പോർട്ട് വർഷം | ഖണ്ഡിക നം. | വിഷയം | ഇപ്പോഴത്തെ അവസ്ഥ |
|---|---|---|---|---|---|
| 2014-15 | 3-10 | 2015-16 | 4(1)10 | 2007-08, 08-09 വർഷങ്ങളിലായി 405949രൂപ ചെലവഴിച്ച് നിർമ്മിച്ച വൃദ്ധസദനം നാളിതുവരെ പ്രവർത്തന ക്ഷമമായിട്ടില്ല | നിയമസഭാസമിതിയുടെ മുമ്പാകെ വിശദീകരണം നൽകിയിട്ടുണ്ടെന്ന് സെക്രട്ടറി അറിയിച്ചു. |
| 2016-17 | 3-24 | 2017-18 | 6 | 22.51 ലക്ഷം രൂപ ചെലവഴിച്ച അറവുശാല നിർമ്മാണം പൂർത്തിയായില്ല | നിയമസഭാ സമിതിയുടെ പരിഗണനയിലാണ് |

# 4-9 ചാർജ്/ സർചാർജ് നടപടികളുടെ ഈടാക്കിയ തുകയുടെ വിവരം

ഇല്ല

# 4-10 ഓഡിറ്റ് പ്രത്യവലോകനം

**(എ) സംക്ഷിപ്ത വിവരം**

| | | |
|---|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് | : | 59651638.54 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | : | 51056442 |
| വരവിനങ്ങളിലുള്ള നഷ്ടം | : | ഇല്ല |
| ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | : | ഇല്ല |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | : | 570835 |

(ചെലവിനങ്ങളിലുള്ള നഷ്ടം,വരവിനങ്ങളിലുള്ള നഷ്ടം എന്നിവ ബിയിലേയും സിയിലേയും തുകയാണ്.)

**(ബി). പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം**

ഇല്ല

**ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക**

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 1-21 | 2300 | ശ്രീമതി ജാനറ്റ് ഡാനിയൽ<br>കൃഷി ഓഫീസർ |
| 1-22 (ബി) | 34034 | ശ്രീമതി ജാനറ്റ് ഡാനിയൽ<br>കൃഷി ഓഫീസർ |
| 1-28 | 185750 | ശ്രീമതി സംഗീത പത്മരാജൻ<br>അസ്സി.എഞ്ചിനീയർ |
| 1-29 | 5712 | ശ്രീമതി ദീപാ കൃഷ്ണൻ<br>അസ്സി.എഞ്ചിനീയർ |
| 1-34 | 343039 | ശ്രീമതി സംഗീത പത്മരാജൻ<br>അസ്സി.എഞ്ചിനീയർ |

**(സി) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റു സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം**

| ഖണ്ഡിക നമ്പർ | തുക |
|---|---|
| 1-29 | 1028 |

**(ഡി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ**

ഇല്ല

**(ഇ)റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിന് / തടസ്സത്തിന് ഉത്തരവാദികളായവരുടെ പേരും സ്ഥിരം മേൽവിലാസവും**

| പേരും ഉദ്യോഗപ്പേരും | ഇപ്പോഴത്തെ (ഓഡിറ്റ് നടന്ന സമയത്തെ) ഔദ്യോഗിക മേൽവിലാസം | സ്ഥിരം മേൽവിലാസം |
|---|---|---|
| | | |

| | | |
|---|---|---|
| ശ്രീമതി ജാനറ്റ് ഡാനിയൽ<br>കൃഷി ഓഫീസർ | കൃഷി ഓഫീസർ, ഓമല്ലൂർ ഗ്രാമപഞ്ചായത്ത് | വല്യകാലായിൽ, ഇലന്തൂർ ഈസ്റ്റ് പി.ഒ, പത്തനംതിട്ട |
| ശ്രീമതി ദീപാ കൃഷ്ണൻ<br>അസി.എഞ്ചിനീയർ | അസി. എഞ്ചിനീയർ മെഴുവേലി | ദീപാ കൃഷ്ണൻ, കൃഷ്ണവിലാസം തട്ടയിൽ (പി.ഒ), മല്ലിക |
| ശ്രീമതി സംഗീത പത്മരാജൻ | അസി. എഞ്ചിനീയർ ചെന്നീർക്കര | ഭദ്രദീപം, മഞ്ഞനിക്കര ഓമല്ലൂർ |

*(ജനപ്രതിനിധികൾക്ക് ബാധ്യതയുണ്ടെങ്കിൽ മേൽവിലാസം നിർബന്ധമായും ഉൾപ്പെടുത്തണം)*

# 4-11 തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ

| ഓഡിറ്റ് വർഷം | ഓഡിറ്റ് റിപ്പോർട്ട് നമ്പർ, തീയതി | തീർപ്പാക്കാൻ അവശേഷിക്കുന്ന ഖണ്ഡികകളുടെ എണ്ണം |
|---|---|---|
| 1995-96 | എൽ.എഫ്.പി.റ്റി.എ-പി2/626/97/<br>തീയതി 14-01-98/10-02-98 | 2 |
| 1996-97 | എൽ.എഫ്.പി.റ്റി.എ-പി2/790/2000/<br>തീയതി 04-07-01 | 3 |
| 1997-98 | എൽ.എഫ്.പി.റ്റി.എ-<br>പി.2/790A/2000/തീയതി06-11-01 | 5 |
| 1998-99 | എൽ.എഫ്.പി.റ്റി.എ-പി2/607/01<br>തീയതി 23-03-02/09-05-02 | 16 |
| 1999-00 | എൽ.എഫ്.പി.റ്റി.എ-പി2/670/01<br>തീയതി 03.04-02 | |
| 2000-01 | എൽ.എഫ്.പി.റ്റി.എ-പി3/829/01<br>തീയതി 10-04-02/ 20-09-02 | |
| 2001-02<br>(ജ.ആ) | എൽ.എഫ്.പി.റ്റി.എ-പി3/452/04<br>തീയതി 18-04-07/ 07-02-05 | 3 |
| 2001-02<br>(ചെലവ്) | എൽ.എഫ്.പി.റ്റി.എ-പി.2/536/05<br>തീയതി 02-11-05 /15-02-06 | 3 |
| 2002-03<br>(ചെലവ്) | എൽ.എഫ്.പി.റ്റി.എ-പി.3/726/06<br>തീയതി 12-12-06 | 6 |
| 2003-04 | എൽ.എഫ്.പി.റ്റി.എ-പി.11/171/08<br>തീയതി 20-01-09 | 5 |
| 2004-05 | എൽ.എഫ്.പി.റ്റി.എ-പി.11/702/09<br>തീയതി 04-06-10 | 4 |
| 2005-06 | എൽ.എഫ്.പി.റ്റി.എ-പി.11/703/09<br>തീയതി 04-06-10 /29-10-11 | 5 |
| 2006-07 | എൽ.എഫ്.പി.റ്റി.എ-പി.6/36/11<br>തീയതി 03-11-11 / 03-08-12 | 3 |
| 2007-08 | എൽ.എഫ്.പി.റ്റി.എ-പി.6/37/11<br>തീയതി 06-12-11 /04-08-12 | 6 |
| 2008-09 | എൽ.എഫ്.പി.റ്റി.എ-പി.6/877/11 | 3 |

| | | |
|---|---|---|
| | തീയതി 03-10-11 /06-08-12 | |
| 2009-10, 2010-11 | എൽ.എഫ്.പി.റ്റി.എ-പി.1/878/12 തീയതി 10-12-12/05-06-14 | 3 |
| 2011-12 ,2012-13 | നം.എൽ.എഫ്.പി.റ്റി.എ.പി5/777/14 തീയതി.29.11.14 | |
| 2013-14 | നം.എൽ.എഫ്.പി.റ്റി.എ.പി 5/537/2015 തീയതി.6.07.15 | |
| 2014-15 | നം. കെ.എസ്.എ.പി.റ്റി.എ.പി-5/ 748/16 തീയതി 16-07-2016 | 9 |
| 2015-16 | നം. കെ.എസ്.എ.പി.റ്റി.എ. പി5/45/17 തീയതി 08.02.2017 | 17 |
| 2016-17 | നം. കെ.എസ്.എ.പി.റ്റി.എ. പി.5/759/17 തീയതി 18.07.17 | 19 |
| 2017-18 | നം. കെ.എസ്.എ.പി.റ്റി.എ. പി.5/181/19 തീയതി 14.03.2019 | എല്ലാ ഖണ്ഡികകളും |

തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകളിലെ തടസ്സങ്ങൾ തീർപ്പാക്കാൻ അടിയന്തിര നടപടികൾ സ്വീകരിക്കേണ്ടതാണ്.

ഡെപ്യൂട്ടി ഡയറക്ടർ

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

പത്തനംതിട്ട

# <u>അനുബന്ധം-1 ഓഡിറ്റ് സർട്ടിഫിക്കറ്റ്</u>

നം.കെ.എസ്.എ.പി.റ്റി.എ.പി5/103/2020 തീയതി: 25.02.2020

1994ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിലെ 4-ാം വകുപ്പ്, 1994ലെ കേരള പഞ്ചായത്ത് രാജ് നിയമത്തിലെ 215-ാം വകുപ്പ്, ഇവ അനുസരിച്ചും പഞ്ചായത്ത് രാജ് സ്ഥാപനങ്ങളുടെ ഓഡിറ്റിന് വേണ്ടി കംപ്ട്രോളർ ആന്റ് ഓഡിറ്റർ ജനറൽ നിർദ്ദേശിച്ച ഓഡിറ്റിംഗ് സ്റ്റാൻഡേർഡുകൾ അവലംബിച്ചും പത്തനംതിട്ട ജില്ലയിലെ **ഓമല്ലൂർ ഗ്രാമ പഞ്ചായത്തിന്റെ** 2018-19 വർഷത്തെ വാർഷിക ധനകാര്യ പത്രിക പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

ഈ റിപ്പോർട്ടിൽ ചൂണ്ടിക്കാണിച്ചിരിക്കുന്ന പരാമർശങ്ങൾ ഒഴികെ എന്റെ അഭിപ്രായത്തിൽ **ഓമല്ലൂർ ഗ്രാമ പഞ്ചായത്തിന്റെ** 2018-19ലെ വാർഷിക ധനകാര്യ പത്രിക, വരവ് ചെലവ് കണക്കുകളെ ശരിയായ രീതിയിൽ അവതരിപ്പിക്കുന്നു എന്ന് ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

**ഡെപ്യൂട്ടി ഡയറക്ടർ**
**കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്**
**പത്തനംതിട്ട**

<u>AUDIT CERTIFICATE</u>

**No.KSAPTA.P5/103/2020** **Dated: 25/02/2020**

Certified that I have Audited the Annual Financial Statement of **Omallor Grama Panchayat** in Pathanamthitta district for the year ended on 31.03.2019 in accordance with section 4 of the Kerala Local Fund Audit Act 1994, Section 215 of the Kerala Panchayat Raj Act 1994, the rules made there under and the guidelines isssued by the Comptroller and Auditor General of India for the purpose of audit of accounts of Panchayat Raj Institutions.

In my opinion, the Financial Statements of **Omallor Grama Panchayat** for the year 2018-19 except the observations in my audit report properly presents the picture of income and expenditure.

Deputy Director
Kerala State Audit Department
Pathanamthitta